

ഇളം തെന്നലിന്
പറയാനുള്ളത്

Oh mankind , indeed we have created you from male and female and made you peoples and tribes that you may know one another. Indeed the most noble of you in the sight of Allah is the most righteous of you. Indeed,Allah is knowing and acquainted...............

# Message

**കോ**ഴിക്കോട് ജില്ലയിലെ മലയോര മേഖലയായ കൂമ്പാറയിൽ മർക്കസ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൂമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ ഉന്നതനിലവാരമുള്ള ഒരു സ്ഥാപനമാണ്. നാല് പതിറ്റാണ്ട് പൂർത്തീകരിച്ച നമ്മുടെ സ്ഥാപനം വിദ്യാഭ്യാസ, സാമൂഹ്യ, ജീവ കാരുണ്യ രംഗത്ത് നിസ്തുലമായ സേവനങ്ങൾ അർപ്പിച്ചിട്ടുണ്ട്. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പുറത്തിറക്കുന്ന മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. തുടർ വർഷങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**കാന്തപുരം**
**എ.പി. അബൂബക്കർ മുസ്ലിയാർ**
(ജനറൽ സെക്രട്ടറി മർകസ് കാരന്തൂർ മാനേജർ, എഫ് എം എച്ച് എസ് എസ് കൂമ്പാറ)



# MESSAGE



NIYAS CHOLA (Head Master)

The role of school is not only to achieve academic excellence but also to ensure all round development of students. The talents skills and ability of each student need to be identified and promoted At our school we provide an atmosphere to encourage the students to come out with their multi talents I am sure that this digital magazine will definitely open a way to the young blood to reach their destination....................................

# MESSAGE



**Nasar cheruvadi.** (Principal)

When I walk through the corridor of the school everyday, I can hear the words of growing scientists, athelets, poets, dancers, singers and writers. A mixture of highly talented individuals.


Yes we value individualism, the creative aspects, the ablity and the innovative ideas of our students.

Here I am very much glad to know that the F M H S S members are coming out with a printed version of their hidden and innate talents in the form of ........................

A school magazine is to channelize the creature aspects of young talents. It gives an insight to ones thought and creativity through varied expressions.

An artist will always be commited to society and so if we are able to mould talented citizens in our classrooms, we have succeeded in our motto of bringing out best future generation.

I wish all the success for our debut Magazine.



**SHAREEFA NK**
**STAFF EDITOR**

കല ഭേദങ്ങളുടെ ആവർത്തനം
പോലെയാണ് മനുഷ്യ ജീവിതം,
ജനന മരണങ്ങൾക്കിടയിൽ
ജീവിതവുമായി കെട്ടു പിണഞ്ഞു
കിടക്കുകയാണവയോരോന്നും
ഓരോ കാലത്തിനും ഒരുപാട്
കാര്യങ്ങൾ പറയാനുണ്ട്.
കൊഴിഞ്ഞു വീണ ഇലകൾ പോലെ
ഒരുപാടോർമ്മകൾ
ബാക്കിയാക്കിയാണ്
അവ ഓരോന്നും കടന്നു
പോകുന്നത്
"ഇളം തെന്നലിനു പറയാനുള്ളത് "
ഒരു തുറന്നു പറച്ചിലാണ് .
പച്ചയായ മനുഷ്യ ജീവിതങ്ങളുടെ
ഒരു തുറന്നെഴുത്ത്
കൊച്ചു കൊച്ചു സന്തോഷങ്ങളും
സങ്കടങ്ങളും നമുക്കിവിടെ
വായിക്കാം
ചിലപ്പോൾ നിങ്ങളെ തന്നെ
കണ്ടെന്നു വരാം
എല്ലാത്തിനും സാക്ഷിയായി
ഇളം തെന്നൽ നമുക്ക് ചുറ്റും വീശി
അടിക്കട്ടെ..........

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



**മുഹമ്മദ് അഫ്നാൻ**
IX C



**ശാദിയ കെ പി**
IX A



**മിസ്ബാഹുൽ ഹഖ്**
Chief editor
IX C



**സഹ്ല പി**
IX A



**ആരിഫ തസ്നീം കെ പി**
IX C



**സയ്യിദത് ഫാത്തിമ ഹിബ**
IX A

# ഫാത്തിമാബി മെമ്മോറിയൽ HSS കുമ്പാറ

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



ഫാത്തിമ സഫ്ന എം
മർവ
വിതുൽ കെ എസ്
ഫാത്തിമ ഹന്ന
മുഹമ്മദ് അഫ്നാൻ
അൻഷന നസ്രീന
മുഫീദ
ഫിദ ജാസ്മിൻ ടി
നെസ്‌ലാ ഷെറിൻ
നസീഹ കെ
ഷഹന ഷിറിൻ കെ
നഫീസത്ത് മിസ്‌രിയ
റൈഹാനത് പി കെ

ഫാത്തിമ നാഫിയ എ ടി
ആരിഫ തസ്നീം കെ പി
ഹസീന മറിയം കെ
നാസിഫ കെ
ഫാത്തിമ തൊയ്യിബ ടി പി
സയ്യിദത് ഫാത്തിമ ഹിബ
ഫാത്തിമ സുബൈബതുൽ അസ്‌ലമിയ
ഫിദ ഫാത്തിമ
മിസ്ബാഹുൽ ഹഖ്
ഫാത്തിമ റഫീദ എം
ശാദിയ കെ പി

# ഉള്ളടക്കം


- ✗ മാറുന്ന വിദ്യാഭ്യാസത്തിൽ അധ്യാപകന്റെ പങ്ക്
- ✗ ഫാത്തിമാബി നാൾവഴികളിലൂടെ
- ✗ നിങ്ങളെന്നെ ഭ്രാന്തനാക്കി
- ✗ അതിവേഗം ബഹുദൂരം
- ✗ The calm beauty of river
- ✗ നൊസ്റ്റാൾജിയ
- ✗ Motherhod understood
- ✗ Stolen heart
- ✗ ഹരിത കേരളം ഒരു മരീചികയോ
- ✗ അമ്മുവിൻറെ ശബ്ദം
- ✗ നൊമ്പരമായ് ശബരീഷിന്റെ 'അമ്മ നിത്യ സ്മൃതിയായ് ശബരീഷ് സ്മാരക പുരസ്കാരം
- ✗ 2018-19 വർഷത്തെ പ്രവർത്തനങ്ങൾ
- ✗ Nature
- ✗ ചെമ്മരിയാടിന്റെ നൃത്തം
- ✗ An autobiography of kite
- ✗ whatsapp
- ✗ അനർഘ്യ നിമിഷങ്ങൾ കാമറ കണ്ണിലൂടെ
- ✗ shining fathimabians
- ✗ our class leaders
- ✗ തടാക നാട്
- ✗ മരിക്കാത്തവരുടെ കല്ലറ
- ✗ കാഴ്ചയുടെ തണുപ്പ്
- ✗ ഗണിതം
- ✗ അറിയാതെ പോയ ജീവൻ
- ✗ രാവ്
- ✗ Let women take over
- ✗ അനര്ഘമാം സൂര്യോദയം
- ✗ പടിയിറക്കം

# മാറുന്ന വിദ്യാഭ്യാസത്തിൽ അധ്യാപകന്റെ പങ്ക്



**നിയാസ് ചോല(ഹെഡ്മാസ്റ്റർ),**

**ദേശീയ, സംസ്ഥാന അധ്യാപക അവാർഡ് ജേതാവ്**


ഒരു മനുഷ്യന്റെ സർവോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസമായിരിക്കണം നൽകേണ്ടത് എന്നാണല്ലോ രാഷ്ട്രപിതാവ് മഹാത്മജിയുടെ വീക്ഷണം. അക്രമവും അസാന്മാർഗിക പ്രവർത്തനങ്ങളും ദുശീലങ്ങളും പെരുകിയ നമ്മുടെ നാടുകളിൽ യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ അന്തസത്ത ഉൾകൊള്ളാൻ വിദ്യാർത്ഥികളെ പ്രാപ്തനാക്കാനാണ് അദ്ധ്യാപകരും രക്ഷിതാക്കളും ശ്രദ്ധിക്കേണ്ടത് .

പൊതുസമൂഹ നിർമ്മിതി രൂപപ്പെടുന്നത് ക്ലാസ് മുറികളിലാണ്.കുട്ടികളിൽ ഐക്യ ബോധം,മതമൈത്രി ,ജനാധിപത്യ ബോധം ,തുടങ്ങിയവ ക്ലാസ് മുറികളിലും ഇതിന്റെ തുടർച്ചയായി വിദ്യാലയത്തിലും പൊതു സമൂഹത്തിലും രാജ്യത്തും ഇതിന്റെ വള്ളികൾ പടർന്നു പിടിക്കുന്നതിലൂടെ രാജ്യ സ്നേഹികളായി മാറുന്ന ഒരു വിദ്യാർത്ഥി സമൂഹമായി പഠിതാക്കൾ വളർന്നു വരണം.

പഠന പ്രവർത്തനത്തിന്റെ കെട്ടും മട്ടും മാറിയ സാഹചര്യത്തിൽ അദ്ധ്യാപകന്റെ കഴിവുകളും സർഗാത്മകതയും നൈപുണികളും ഒരു നല്ല വിദ്യാർത്ഥി സമൂഹം വളർന്നു




വരുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട് .അധ്യാപകൻ ഇന്ന് കുറ്റികളുടെ സുഹൃത്തും ,വഴികാട്ടിയും ,രക്ഷിതയും ,കോൺസിലറും തൊഴിൽ ദാതാവും തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇടപെടുന്ന ഒരു ബഹുമുഖ വ്യക്തിത്വത്തിന് ഉടമയായിരിക്കണം.

തന്റെ ക്ലാസ്സ് റൂമിലെ കുട്ടികളുടെ വിവിധങ്ങളായ ശേഷികളെ തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിച്ച വിശാലമായ ലോകത്തേക്ക് കൈപിടിച്ചുയർത്തുന്ന ഒരധ്യാപകനെ കുട്ടികൾ എന്നെന്നും ഓർമിക്കും .അവിടെയാണ് ഒരധ്യാപകൻ സ്വയം വിലയിരുത്തുന്നത്.പാഠപുസ്തകങ്ങളുടെ അപ്പുറത്തുള്ള വിശാലമായ ലോകത്തേക്ക് കൂടി കുട്ടികളെ നയിക്കാനും ജന്മസിദ്ധമായ കഴിവുകൾ പരിപോഷിപ്പിക്കുവാനും ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ പതറാതിരിക്കുവാനും ജീവിതോപാധി നൽകി സഹായിക്കുവാനും നന്മകൾ വിതറുന്ന സുരക്ഷിതിത്വ ബോധമുള്ളവരാക്കി വളർത്താനും വേണ്ടിയാണ് ഇന്നത്തെ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്.



# ഫാത്തിമാബി നാൾവഴികളിലൂടെ...

**നാസർ ചെറുവാടി (PRINCIPAL)**

**നാട്ടിലെ പൗരപ്രമുഖനും, മുക്കം ഓർഫനേജിൻറെ സ്ഥാപകനുമായിരുന്ന വയലിൽ മൊയ്തീൻ കോയ ഹാജിയാർ തൻറെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമിയിൽ ഈ സ്കൂൾ സ്ഥാപിക്കുന്നത് തൻറെ സ്നേഹനിധിയായ ഭാര്യയുടെ നാമധേയത്തിലാണ്.**

1976- വർഷത്തിൽ കൂമ്പാറ പ്രദേശത്ത് വിദ്യാഭ്യാസ പുരോഗതിക്കായി സ്ഥാപിച്ച ഒരു വിദ്യാലയമാണ് ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ. പ്രാഥമിക ഘട്ടത്തിൽ ഒരു യു പി സ്കൂളായി ആരംഭിച്ച് ആറ് വർഷക്കാലത്തിന് ശേഷം 1982-ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. വിദ്യാഭ്യാസപരമായും, സാമൂഹിക പരമായും വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശമാണ് കൂമ്പാറ. മലയോര കുടിയേറ്റ മേഖലയായ ഈ പ്രദേശത്ത് ജനവാസം തന്നെ വളരെ കുറവായിരുന്നു. തികച്ചും കാർഷിക മേഖലയായിരുന്ന കൂമ്പാറയിൽ ഗതാഗതം, ഇലക്ട്രിസിറ്റി, ജലസ്രോതസ്സുകൾ തുടങ്ങിയ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഏറെ ദുരിതമനുഭവിക്കേണ്ടി വന്നു. അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ മുഖേന സാധിച്ചു. നാട്ടിലെ പൗരപ്രമുഖനും, മുക്കം ഓർഫനേജിൻറെ സ്ഥാപകനുമായിരുന്ന വയലിൽ മൊയ്തീൻ കോയ ഹാജിയാർ തൻറെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമിയിൽ ഈ സ്കൂൾ സ്ഥാപിക്കുന്നത് തൻറെ സ്നേഹനിധിയായ ഭാര്യയുടെ നാമധേയത്തിലാണ്. ഈ സ്ഥാപനം പണിതുയർത്തിയത് പ്രഥമ ഹെഡ്മാസ്റ്റർ സി. മൂസ്സ മാസ്റ്ററായിരുന്നു. തൻറെ കീഴിലായി 5 അധ്യാപകരും ഒരു അനധ്യപകനും പ്രവർത്തിച്ചു.

ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത ശേഷം 1884-ൽ ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി. 100 ശതമാനം വിജയം കരസ്ഥമാക്കി. പിന്നീടുള്ള വർഷങ്ങളിൽ വിജയശതമാനം താഴോട്ടായിരുന്നു. അതിനിടയിൽ മാനേജ്മെൻറ് മാറി മാറി വന്നു. വയലിൽ അബ്ദുള്ളക്കോയ, വയലിൽ ബീരാൻ കോയ എന്നിവരായിരുന്നു മൊയ്തീൻ കോയ ഹാജിക്ക് ശേഷം വന്ന



മാനേജർമാർ..

1993-ൽ നിലവിലുള്ള മാനേജർ സ്ഥാപനം കൂടുതൽ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാരന്തൂർ മർക്കസിന് സ്കൂൾ കൈമാറി. അന്നു മുതൽ ഇന്നു വരെ ലോക പ്രശസ്ത പണ്ഡിതനും, ആയിരക്കണക്കിന് അഗതി-അനാഥരുടെ അത്താണിയുമായ കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാരാണ് മാനേജർ. മർക്കസ് മാനേജ്മെൻറ് ഏറ്റെടുത്തത് മുതൽ സ്ഥാപനത്തിൻറെ ഉയർച്ച ധ്രുതഗതിയിലായി. തൊട്ടടുത്ത മരഞ്ചാട്ടിയിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു അഗതി-അനാഥ മന്ദിരം മർക്കസ് ഏറ്റെടുക്കുകയും, അവിടെ നിന്നുള്ള നൂറുകണക്കിന് വിദ്യാർത്ഥിനികളുടെ ഭൗതിക പഠനത്തിൻറെ കേന്ദ്രമായി സ്കൂൾ മാറ്റുകയും ചെയ്തു. അതിനാൽ സ്കൂളിൽ കൂടുതൽ ഡിവിഷനുകൾ ആരംഭിക്കുകയും, ധാരാളം അധ്യാപകരെ നിയമിക്കുകയും ചെയ്തു. സ്കൂളിൻറെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടു. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി. സൗകര്യപ്രദമായ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. അതുമുതൽ ഈ സ്ഥാപനത്തിൽ പ്രദേശവാസികൾക്ക് പുറമേ കേരളത്തിലെ വ്യത്യസ്ത ജില്ലകളിൽ നിന്നും തമിഴ്നാട്,കർണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും പഠനം നടത്തുന്നു.2010 വർഷം കൂമ്പാറ ഫാത്തിമാബി സ്കൂളിൻറെ ചരിത്രം തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒരു കാലഘട്ടമാണ്. കേരളത്തിന്, പ്രത്യേകിച്ചും മലബാർ മേഖലയിൽ ഹയർസെക്കൻററി അനുവദിച്ചപ്പോൾ കൂമ്പാറ ഹൈസ്കൂളിലും സയൻസ്, ഹ്യമാനിറ്റീസ് ബാച്ചുകൾ അനുവദിച്ച് സർക്കാർ ഉത്തരവാക്കി. 2011-ൽ കൊമേഴ്സ് ബാച്ചു കൂടി അനുവദിച്ചപ്പോൾ ഫുൾ ബാച്ചുകളുള്ള ഹയർ സെക്കൻററി സ്കൂളായി നമ്മുടെ സ്കൂൾ മാറി. കൂമ്പാറ, മരഞ്ചാട്ടി, തോട്ടുമുക്കം, കൂടരഞ്ഞി, തിരുവമ്പാടി, കക്കാടംപൊയിൽ തുടങ്ങിയട പ്രദേശങ്ങളിലെ കുട്ടികളുടെ തുടർപഠനത്തിനുള്ള ആശ്രയകേന്ദ്രമാണിപ്പോൾ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ. കോഴിക്കോട് ജില്ലയിലെ മികച്ച വിദ്യാലയം എന്നു മാത്രമല്ല കേരളത്തിലെ അറിയപ്പെട്ട സ്കൂൾ എന്ന ഖ്യാതി ഈ സ്കൂളിന് നേടാൻസാധിച്ചു.

പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ തുടർ വർഷങ്ങളിൽ മികവ് പുലർത്താൻ സാധിച്ചു. സയൻസ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ 100 ശതമാനവും, കൊമേഴ്സിൽ ഉന്നതവിജയവും കരസ്ഥമാക്കി. 2016-17 വർഷത്തിൽ സയൻസിനോടൊപ്പം ഹ്യൂമാനിറ്റീസിൽ 100 ശതമാനം വിജയം നേടിയ മലബാറിലെ എണ്ണപ്പെട്ട സ്കൂളാണിപ്പോൾ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ.



# നിങ്ങളെന്നെ ഭ്രാന്തനാക്കി................

**Mubashira shareef**
**XII science**

ഗവ.എ.യു.പി. സ്കൂളിൻറെ മുറ്റത്തെത്തിയപ്പോൾ മാറാല പിടിച്ച ഓർമകൾക്ക് ജീവൻ വെക്കുകയായിരുന്നു. അത് പിന്നെ ചിത്രശലഭങ്ങളായി മുറ്റത്തെ മാവിൻക്കൊമ്പിൽ ചേക്കേറി, ഓർമകളിലിന്നും തലയുയർത്തി നിൽക്കുന്ന മൂവാണ്ടൻ മാവ്.

മാവ് പൂത്തിട്ടുണ്ട്. പക്ഷേ, പൂക്കൾക്കൊന്നും വിടർന്ന പുഞ്ചിരിയില്ല. എന്തോ ഒരു ശൂന്യത മനോഹരമായ എന്തിൻറെയോ കുറവ് നന്നായി പ്രതിഫലിക്കുന്നതുപോലെ.

ജീവിതത്തിൻറെ ഒരു പ്രധാന ഏടായിരുന്നു അത് വീണ്ടും ഇവിടെ വന്നുചേരണമെന്ന് വിചാരിച്ചതല്ല. ഒരു പക്ഷെ വീണ്ടും ഓർമകളെ മാറോട് ചേർക്കണമെന്ന് നിശ്ചയിച്ചത് ദൈവമായിരിക്കാം. ആ മൂവാണ്ടൻമാവിനെ സൃഷ്ടിച്ച അതേ കരുണയുള്ള ദൈവം. ആ മാവിൻറെ പ്രൗഢഗാംഭീര്യത്തിനു മുന്നിൽ തല കുനിക്കാത്ത ഒരാളെ ഉണ്ടായിരുന്നുള്ളൂ- ഭ്രാന്തൻകുഞ്ഞൂട്ടൻ

വരിവരിയായി നീങ്ങുന്ന പുളിയനുറുമ്പകളെ വകവെക്കാതെ അവനൊരു അണ്ണാനായി മാറും ചിലപ്പോൾ പറക്കും. പിന്നെ മരത്തിന് മുകളീന്ന് എടുത്തു ചാടും. എന്തോ, അവനെ മാത്രം മരം താങ്ങി നിർത്തും മരം മാത്രം!

ഭ്രാന്തൻ കുഞ്ഞൂട്ടൻ സ്കൂൾമുറ്റത്തും മാവിലും എപ്പോഴും ഉണ്ടായിരുന്നു. അവൻറെ സിരയിലെവിടെയും അറിവിൻറെ നേർത്ത വെട്ടം പോലുമില്ലായിരുന്നു ആരും അവനെ ശ്രദ്ധിച്ചില്ല. അവനൊടൊന്നും ചോദിച്ചില്ല. അവനൊന്നും പറഞ്ഞതുമില്ല.

പഠിച്ചില്ലെങ്കിൽ ഭ്രാന്തൻ കുഞ്ഞൂട്ടനാകും്ു എന്ന് പലരും പറഞ്ഞു. കുട്ടികൾക്ക് ഭ്രാന്തൻ കുഞ്ഞൂട്ടൻ പേടി സ്വപ്നമായി. ആരും മാവിൻറെ അരികിലേക്ക് പോയില്ല.കുഞ്ഞൂട്ടൻ മാവിൽ കുരങ്ങായി.....കോമാളിയായി.....ഭ്രാന്തനായി.....ഭ്രാന്തൻ കുഞ്ഞൂട്ടൻ.!

കവിയുടെ മക്കളായി ജനിച്ചവർ കവിയായി....കാഥികൻറെ മക്കൾ കാഥികനായി... നടൻറെ മക്കൾ നടനായി....ഭ്രാന്തിൻറെ മകൻ ഭ്രാന്തനുമായി.

അന്നൊരു വൈകുന്നേരമായിരുന്നു. മാവിൽ നിറയെ പഴുത്ത മൂവാണ്ടൻമാങ്ങ. അതിൻറെ സുഗന്ധവും പേറിവരുന്ന നേർത്ത കുളിരുള്ളകാറ്റ് . ഞാൻ മാവിൻറെ അരികിലെത്തിയത് യാന്ത്രികമായിരുന്നു.

എന്താ......

പെട്ടെന്നാണ് ഒരു ശബ്ദം നോക്കിയപ്പോൾ മുന്നിലതാ കാരിരുമ്പു പോലെ ശരീരമുള്ള, കറുത്തപൊക്കം കുറഞ്ഞ കൂരിരുട്ടിനെ ഓർമ്മിപ്പിക്കുന്ന, ഭ്രാന്തൻ കുഞ്ഞൂട്ടൻ! ഞാൻ തിരിഞ്ഞോടാൻ നോക്കി പക്ഷേ, അവൻറെ കൈകളിൽ എൻറെ നേർത്ത കൈപ്പടം അനങ്ങാനാവാതെ ഇരുന്നു.

എന്തിനാ ഓടുന്നേ

എനിക്ക് നിന്നെ പേടിയാ

എന്തിനാ ന്നെ പേടിക്കുന്നേ

നീ ഭ്രാന്തനല്ലെ

അതുപറഞ്ഞപ്പോൾ കുഞ്ഞൂട്ടൻറെ മുഖം വാടി. എൻറെ കയ്യിലെ കുരുക്ക് മെല്ലെ അഴിഞ്ഞു. പിന്നീടൊരു നിശ്ശബ്ദതയായിരുന്നു. ഓടിരക്ഷപ്പെടാൻ എനിക്ക് തോന്നിയില്ല ഒരപരാധിയോപ്പോലെ ഞാൻ തലകുനിച്ചു നിന്നു. പിന്നെ മെല്ലെ ചോദിച്ചു :

കുഞ്ഞൂട്ടന് വെഷമായോ

ഇല്ലെന്നവൻ തലയാട്ടി. ദുഃഖത്തിൻറെ കരിനിഴൽ വീണ അവൻറെ മുഖത്തുനിന്ന് അശ്രുകണങ്ങൾ വളരെവേഗം നിലംപതിച്ചു.

കുഞ്ഞൂട്ടനല്ല ഭ്രാന്തൻകുഞ്ഞൂട്ടൻ അവൻതിരുത്തി കുഞ്ഞൂട്ടൻ ക്ഷമിക്കൂലേ

ഉം. കുഞ്ഞൂട്ടൻറെ മനസ്സിന് ഒരു കടലിൻറെ വലുപ്പണ്ട്ു

നിക്ക് ഒരു മാങ്ങ പറിച്ച് തര്വോ

കുഞ്ഞൂട്ടൻറെ മാങ്ങ ആരും വാങ്ങൂല

അതെന്താ?

അത് തിന്നാ ഭ്രാന്താവൂന്നാ എല്ലാവരും പറേണെ

സാരല്യാ നിക്ക വേണം്ു പറഞ്ഞുതീരുന്നതിനുമുമ്പെ അവൻ കൈനിറയെ മാങ്ങയുമായി പ്രത്യക്ഷപ്പെട്ടിരുന്നു. പഴുത്തമാമ്പഴം കൈനിറയെവച്ചുതന്നപ്പോഴാണ് ഞാനത് ചോദിച്ചത്.

കുഞ്ഞൂട്ടനെന്താ ക്ലാസിലൊന്നും കേറാത്തെ?

അതിന് ഞാൻ ഭ്രാന്തനല്ലേ? ഭ്രാന്തനെ ആരേലും ക്ലാസിൽ കേറ്റ്വോ? അല്ലേലും നന്നായി പഠിക്കുന്ന പിള്ളാരെ പഠിപ്പിക്കാനേ ടീച്ചർമാർക്കിഷ്ടള്ളൂ. അവരെ എന്തിനാ പഠിപ്പിക്കുന്നേ? അവര് പഠിച്ചോളൂലേ...പഠിപ്പിക്കേണ്ടത് ഭ്രാന്തൻമാരേയാ..

ആവണി ടീച്ചർ....

ആരോ വിളിക്കുന്നുണ്ട്. അവർ ഓർമയുടെ കൊതുമ്പുവള്ളത്തിൻ നിന്നും യാഥാർത്ഥ്യത്തിലേക്ക് തുഴയാൻ നന്നേ പാടുപ്പെട്ടു. എന്ത് പുത്യ സ്കൂൾ നോക്കി നിൽക്കാണോ? ബെല്ലടിച്ചു. 7-ബി യിലാക്കാണ് നിങ്ങളിപ്പോൾ ചെല്ലേണ്ടത്. നന്നായി പഠിക്കുന്ന മക്കളാണ്. പ്യൂൺ പറഞ്ഞു നിർത്തി നന്നായി പഠിക്കുന്ന മക്കളാണ്്ു ആവണ്ടീച്ചർക്ക് തല ചുറ്റുന്നതുപോലെ തോന്നി. ശരിക്കും ആർക്കാണ് ഭ്രാന്ത്. അവൾ തിരിഞ്ഞുനോക്കി. പ്രകൃതി മഴക്കുള്ള ഒരുക്കത്തിലാണ്. മേഘങ്ങൾ മരിച്ചു. മഴ മരണമാണ് കാറുകൾ ജനിക്കലാണ്. മേഘങ്ങൾ എല്ലാ സങ്കടവും കരഞ്ഞുതീർക്കലാണ്. മൂവാണ്ടൻ മാവിൻറെ മണം കാറ്റിനൊപ്പം കടന്നെത്തി, മഴയിൽ അലിഞ്ഞുചേർന്നു.

മാവിലെ വലിയ ശൂന്യത....മനസ്സിലും



ബാബു
പൈക്കാട്ടിൽ
**(Rtd. Teacher
Fmhss koombara)**

# അതിവേഗം ബഹുദൂരം

**കൂമ്പാറ ചരിത്രവും സാമൂഹിക പശ്ചാത്തലവും**

വാണിജ്യ പ്രാമുഖ്യം നേടിയ കോഴിക്കോടിൻറെ കിഴക്കൻമലയോര കുടിയേറ്റ ഗ്രാമം - കൂമ്പാറ -മദയാനയുടെ മസ്തകം പോലുള്ള കൂറ്റൻ മലമടക്കുകളും, നിബിഢവനമേഖലകളുടെ പച്ചപ്പുകളും ഒഴുകിയിറങ്ങുന്ന കാട്ടാറുകളുടെ സീൽക്കാരങ്ങളും കൊണ്ട് ഇവിടെ സമ്പന്നമാണ്. കോഴിക്കോട് ജില്ലയുടെ ഗ്രാമീണ ജനവാസകേന്ദ്രങ്ങളിൽ ഒട്ടും താഴെയല്ലാത്ത സ്ഥാനം പിടിച്ചുള്ള കൂടരഞ്ഞി പഞ്ചായത്തിൻറെ ശ്രദ്ധേയമായിട്ടുള്ള വാർഡിലാണ് കൂമ്പാറയുടെ ആസ്ഥാനം.

1950 കളോടുകൂടിയുള്ള കുടിയേറ്റ ചരിത്രത്തിൽ കൂമ്പാറയ്ക്കും പ്രത്യേകമായ സ്ഥാനമുണ്ട്. 50 കളുടെ മധ്യത്തിലാണ് കൂമ്പാറയിലേക്ക് കുടിയേറ്റം ആരംഭിച്ചത്. കാട്ടുജാതിക്കാരായ ആദിവാസികളുടെ സംഗമസ്ഥാനമായിരുന്നു ഇത്. കൂർത്തുനിൽക്കുന്ന പാറകളുള്ളതിനാൽ ഇവിടം കൂമ്പൻപാറയാവുകയും പിന്നീടതുലോപിച്ച് കൂമ്പാറയായി എന്നും ഐതിഹ്യം. ആദിവാസികളുടെ പ്രാചീന വാമൊഴികളിൽ നിന്നുമാണ് വരമൊഴിയായി നമുക്കീനാമം ലഭ്യമായത് എന്ന് പറയപ്പെടുന്നു.

മുക്കം വയലിൽ കുടുംബത്തലവൻമാരുടെ വേറിട്ട ചിന്തയിൽ നിന്നും റബ്ബർ എസ്റ്റേറ്റ് എന്ന വരുമാന മാർഗ്ഗം ഉയർന്നു വന്നു. റബ്ബർത്തോട്ടങ്ങൾകൊണ്ടു നിറഞ്ഞു നിന്ന ഇവിടേയ്ക്ക് അങ്ങിനെ അൽപാൽപ്പമായി മുസ്ലീം തൊഴിലാളികൾ വന്നുചേർന്നു. കൂടുതലും ഇവിടേയ്ക്ക് വന്നത് മലപ്പുറം ജില്ലയിൽ നിന്നുള്ള കർഷകതൊഴിലാളികളായിരുന്നു.

മീനച്ചിലാറിൻറെ തീരത്തുനിന്നുള്ള കോട്ടയം, പാല, തൊടുപുഴ തുടങ്ങിയ തിരുവിതാംകൂറിൻറെ വിവിധ മേഖലകളിൽ നിന്നും ധാരാളം ക്രിസ്ത്യാനികളായിരുന്നു അധികമായും കുടിയേറി വന്നത്.

ആ കൂട്ടത്തിൽ നായരും നമ്പൂതിരിയും ഈഴവരും സമൂഹത്തിലെ എല്ലാതരത്തിലുമുള്ള ആളുകളും ഇവിടേയ്ക്ക് കുടിയേറി. വനാന്തരങ്ങൾ ചെറുവിലയ്ക്ക് വാങ്ങി വെട്ടിത്തെളിച്ച് കത്തിക്കരിച്ച് കൃഷിയിറക്കി. ഏറുമാടങ്ങളിലായിരുന്ന അക്കാലത്ത് താമസിച്ചിരുന്നത്. കാട്ടാനയുടെയും കാട്ടുപോത്തിൻറെയും കാട്ടുപന്നുകളുടെയും സഹിക്കാനാവാത്ത ശല്യത്തിൽ ഒറ്റക്കെട്ടായി നിന്നവർ എതിർത്തു.

ശക്തരായ കൃഷിക്കാരുടെ സംഘശക്തിയിൽ കാട്ടുമൃഗങ്ങൾ തോറ്റോടി. പിന്നീടിങ്ങോട്ട് വിജയത്തിൻറെ പടികൾ ഓരോന്നായി ചവിട്ടിക്കയറുകയായിരുന്നു. എല്ലാ വിജയങ്ങളുടെയും പിന്നിലെ ചാലക ശക്തിയായി നിന്നത് വയലിൽ കുടുംബാംഗമായ മൊയ്തീൻ കോയ ഹാജിയായിരുന്നു എന്നത് സ്മരണാർഹമാണ്. തൻറെ അധീനതയിലുള്ള റബ്ബർ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം വേണമെന്നുള്ള അദ്ദേഹത്തിൻറെ വിപ്ലവാത്മക ചിന്തയിൽ നിന്നാണ് കൂമ്പാറയിൽ സർക്കാർ പ്രൈമറി വിദ്യാലയം നിലവിൽ വന്നത്. ഇവിടുത്തെ ആദിവാസി കുട്ടികൾക്ക് അത്ഭുതവും അതിലുപരി വിശപ്പകറ്റാനുള്ള ഒരു ഉപാധിയുമായി. സ്കൂളിൽ നിന്നും ലഭിക്കുന്ന കഞ്ഞി, ഉപ്പുമാവ്, പാൽപ്പൊടി തുടങ്ങിയകൊണ്ട് അന്ന് ഏറ്റവും ക്ലേശകരമായ പട്ടിണിയിൽ നിന്നും ഈ ഗ്രാമം മോചിതമായി.

ജനസാന്ദ്രത കൂടിവന്നപ്പോൾ അമ്പലങ്ങളായി, പള്ളിയായി , മുസ്ലീം പള്ളയായി, മതസ്ഥാപനങ്ങളായി. അക്കാലത്ത് ക്രിസ്ത്യൻ സമുദായങ്ങൾ ന്യൂനപക്ഷമായിരുന്നുവെങ്കിലും അവരുടെ മതമേലധ്യക്ഷൻമാരുടെ ശക്തമായ ഇടപെടലുകളും പ്രവർത്തനങ്ങളും കൊണ്ടും റോഡുകളായി, പാലങ്ങളായി, പള്ളിക്കൂടങ്ങളായി, ആശുപത്രികളായി അങ്ങിനങ്ങിനെ പുരോഗതിയുടെ ചൂണ്ടുപലകകൾ വിസ്തൃതമായി.

ജനസാന്ദ്രത കൂടിവന്നപ്പോൾ അമ്പലങ്ങളായി, പള്ളിയായി , മുസ്ലീം പള്ളയായി, മതസ്ഥാപനങ്ങളായി. അക്കാലത്ത് ക്രിസ്ത്യൻ സമുദായങ്ങൾ ന്യൂനപക്ഷമായിരുന്നുവെങ്കിലും അവരുടെ മതമേലധ്യക്ഷൻമാരുടെ ശക്തമായ ഇടപെടലുകളും പ്രവർത്തനങ്ങളും കൊണ്ടും റോഡുകളായി, പാലങ്ങളായി, പള്ളിക്കൂടങ്ങളായി, ആശുപത്രികളായി അങ്ങിനങ്ങിനെ പുരോഗതിയുടെ ചൂണ്ടുപലകകൾ വിസ്തൃതമായി.

കക്ഷി രാഷ്ട്രീയങ്ങൾക്കും ജാതിമതവർഗ്ഗ വർണ്ണ വ്യത്യാസങ്ങളും അന്ന് ഈ കുടിയേറ്റ ജനതയെ സ്പർശിച്ചിട്ടില്ലായിരുന്നു എന്നതാണ് വസ്തുത. സർവ്വമത സാഹോദര്യത്തിൻറെ വിളഭൂമിയായിരുന്നു കൂമ്പാറ. പുൽത്തൈലമായിരുന്നു മുഖ്യവരുമാന മാർഗ്ഗം. തെരുവപ്പുൽ കൃഷിയുടെ ആവിർഭാവം അങ്ങനെ ഉടലെടുത്തു. പുല്ല് മുറിച്ച് ചെറിയ കറ്റകളാക്കി ഒരു പ്രത്യേക തരം ചെമ്പിൽ നിറച്ച് വിസ്താരത്തിൽ കെട്ടിയുണ്ടാക്കിയ അടുപ്പിൽ വെച്ചുതിളപ്പിച്ച് നീരാവി തണുപ്പിച്ച് തൈലമാക്കി മാറ്റുന്നത് ഈ മലയോരങ്ങളിലെ നിത്യ കാഴ്ചകളായിരുന്നു.തൈലം സുഖന്ധവ്യഞ്ജന ശ്രേണിയിലെ മുഖ്യധാരയായിരുന്നതിനാൽ സാമാന്യം വിലകിട്ടുമായിരുന്നു. മുക്കം മുതൽ കോഴിക്കോട് വരെയുള്ള സ്ഥലങ്ങളിൽ മൊത്തമായും ചില്ലറയായും തൈലം വിലയ്ക്കെടുക്കുന്നകച്ചവട സ്ഥാപനങ്ങളുണ്ടായിരുന്നു.

ഏകോദര സഹോദരങ്ങളെപോലെ കഴിഞ്ഞിരുന്ന അന്നത്തെ ജനങ്ങൾ വികസനകാര്യങ്ങളിലും ഏറെ ശ്രദ്ധയുള്ളവരായിരുന്നു. ജനസാന്ദ്രതയേറിയപ്പോൾ വഴിയായി, വാഹനമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളായി. കൂമ്പാറയിൽ അന്നത്തെ ആദ്യവിദ്യാഭ്യാസ സ്ഥാപനമായിരുന്നു ഫാത്തിമാബി മെമ്മോറിയൽ ഹൈസ്കൂൾ. യു.പി മുതൽ ഹൈസ്കൂൾ വരെയുള്ള ഈ സ്ഥാപനം നാടിൻറെ അക്ഷര സൂര്യനും സംസ്ഥാനത്തിൻറെ പലജില്ലകളിൽ നിന്നുള്ള അധ്യാപകർ ഇവിടേയ്ക്കൊഴുകിയെത്തി.തൻറെ


യശ്ശശരീരയായ പ്രാണ പ്രേയസിയുടെസ്മാരകമായി ഉയർത്തിയ ഫാത്തിമാബി മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂൾ വിജയത്തിൻറെ ഒതുക്കുകൾ

ഒന്നൊന്നായി ചവിട്ടി കയറുന്നത് വികസന നായകനായ വി.മൊയ്തീൻകോയ ഹാജിയുടെ ആത്മാവ് സ്വർഗ്ഗത്തിലിരുന്നുകൊണ്ട് കാണുണ്ടാകും -സന്തോഷിക്കുന്നുണ്ടാകും.



ഇനി സ്കൂളിൻറെ ചരിത്രപാതയിലൂടെ ഒരു വിഹഗവീക്ഷണം 1976 ൽ യു.പി ആയി ആരംഭിച്ചു. 1982 ൽ ഹൈസ്കൂളാക്കി ഉയർത്തി. 1994 ൽ പതിനായിരങ്ങൾക്ക് അഭയ കേന്ദ്രവും ആശ്രയവുമായ, കാന്തപുരം എ.പി. അബൂബക്കർ ഉസ്താദ് അധ്യക്ഷനായിട്ടുള്ള മർക്കസ് ഫാത്തിമാ സ്കൂളിൻറെ ഭരണ സാരഥ്യം ഏറ്റെടുത്തു. 2012 ൽ ഹയർസെക്കൻററി സ്കൂളായി ഉയർത്തപ്പെടുകയും അതിസമർത്ഥരായ അധ്യാപകരാൽ സ്കൂളിൻറെ യശസ്സ് അസൂയാവഹമായി ഉയരുകയും ചെയ്യു. ഇന്നും അർപ്പണബോധമുള്ള അധ്യാപകരുടെയും ദിശാബോധമുള്ള വിദ്യാർത്ഥികളുടെയും ഒരുമയാണ് ഫാത്തിമാബി മെമ്മോറിയൽ ഹയർസെക്കൻററി സ്കൂളിൻറെ പെരുമയെന്നത് നിസംശയം പറയാം.മലമടക്കുകളിൽ മുഖമുയർത്തി നിന്ന് അക്ഷരം പങ്കിടുന്ന നന്മകളാൽ സമ്പന്നമായ ഈ വിദ്യാലയം എന്തുകൊണ്ടും വികസനത്തിൻറെ പാതയിലൂടെ മുമ്പോട്ടുകുതിക്കുന്ന കൂമ്പാറയെന്ന ഈ ഗ്രാമ ഭൂമിയ്ക്ക് എന്നും രജത നക്ഷത്രമാവട്ടെ എന്ന് ആശംസിക്കുന്നു.

***"ഒരാളുടെ മനസ്സ് പവിത്രമാണെങ്കിൽ അയാളുടെ ചുറ്റുപാടും പവിത്രമായിരിക്കും "***



## THE CALM BEAUTY OF RIVER

A fascinating glow flowing
Through the evergreen mountain
Taking its pleasure and calmness
From the reflushment of heavenly beauty

Her glowing eyes dazzled
Light of shine touch on
Her bloomy outward glow
Flowing steeper and wider
With her noisy charm
Nothing makes her absurd

For her calm flowing
For her charming beauty
She is the beauty of nature
She makes the nature a freshly air
Her calm voice gives,
A smooth effect of heaven;
Heaven of lively beauty and air

Enchanting the minds with glory
Cooling with the fresh air
Finds her way to the
Vast expanse of sea
Which she desires!
Lonely beauty, glowing crystal
Calmly on her way to the
Endless calm of sea;
Endless hope of peace;
With all her pleasure and glory.

# നൊസ്റ്റാൾജിയ



*Linsha shaju*
***(Former student of fmhss)***

ആവർത്തന വിരസമാണെങ്കിലും മഴ സുന്ദരമാണെന്ന് പറയാതിരിക്കാൻ വയ്യ. പച്ചയോലയിലൂടെ ഇടതൂർന്ന് വീഴുന്ന ഓരോ മഴത്തുള്ളിയും ഒരു തരം നൊസ്റ്റാൾജിയ നമുക്ക് സമ്മാനിക്കുന്നില്ലേ?

ജന്മ ശതാബ്ദങ്ങളോളം ഇങ്ങനെ നോക്കിനിന്നാലും പ്രകൃതിയുടെ ഭംഗി അതിൻറെ ഒരംശത്തോളം മാത്രം ആസ്വദിക്കാനേ നമുക്ക് കഴിയൂ. ബാംഗ്ലൂർ ഡേയ്സിൽ സേറ പറയുന്നുണ്ട് ജനൽ തുറന്നാൽ കാണുന്ന കാഴ്ച അത് വ്യത്യസ്തമായിരിക്കും അതുപോലെ ഓരോ മഴയും ഓരോ വ്യക്തിക്കും നൽകുന്നത് വ്യത്യസ്തമായ ഓർമകളായിരിക്കും.

മഴയും വെയിലും ചങ്ങാതിമാരാണോ? ഞരമ്പിലൂടെ തുളച്ചുകയറുന്ന തണുപ്പും കണ്ണിമ തുറക്കാനനുവദിക്കാതെ ശരീരത്തെ വലയ്ക്കുന്ന ചൂടും കാലത്തിൻറെ മാറ്റത്തെയാണോ അതോ ഓർമകളുടെ വ്യത്യസ്തതകളെയാണോ സൂചിപ്പിക്കുന്നത്? ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ പട്ടികയിലേക്ക് ഒരു സംഭാവന കൂടി...

എൻറെ ജീവിതാനുഭവങ്ങൾ എനിക്ക് നൽകിയ പാഠമെന്താണ്? അങ്ങനെ സംഗ്രഹിക്കാൻ മാത്രം അനുഭവങ്ങൾ ജീവിതത്തിൽ ഇല്ലായിരുന്നു എന്നതാണോ വാസ്തവം? ആവോളം സ്വാതന്ത്ര്യം അനുഭവിച്ചു, അനുഭവിക്കുന്നുമുണ്ട്. പക്ഷേ ഏതൊക്കെയോ വാതിലുകൾ എനിക്കുനേരെ കൊട്ടിയടച്ചതുപോലെ. ആ വാതിലുകൾക്കപ്പുറമുള്ള കാഴ്ചകൾ കാണാനുള്ള വ്യഗ്രതയെ എൻറെ മനസ്സിൻറെ ചാപല്യമാണെന്നു പറയാൻ പറ്റുമോ? അതിനും ഉത്തരമില്ല.

മഴവില്ല് നേരിൽ കണ്ടിട്ടില്ലെങ്കിലും അതിൻറെ മനോഹാരിത ആവോളം മനസ്സിലുണ്ട്. അതുകൊണ്ടായിരിക്കാം മഴവില്ല് അതിൻറെ ഏഴഴകിൻറെ പീലി നിവർത്താതെ എനിക്ക് അപരിചിതമായിരിക്കുന്നത്. ഇതെഴുതിക്കൊണ്ടിരിക്കുന്ന നിമിഷം ഒരു ചിത്രശലഭം എൻറെ അടുക്കലേക്ക് പറന്നുവന്നു. ഞാനൊരിക്കലും ഒരു ചിത്രശലഭത്തിൻറെ ഭംഗി ആസ്വദിച്ചിട്ടില്ല. അതിനുള്ള അവസരം ഉണ്ടായിട്ടും.....

Motherhood UNDERSTOOD

# മഹത്തരം

**തസ്നീം സുമാന SK**
**X D**

# ഈ മാതൃത്വം





അമ്മയുടെ സ്നേഹത്തിനു പകരം വെയ്ക്കാവുന്ന ഒന്നുമില്ല. ഈശ്വരൻ സൃഷ്ടികളോടുള്ള തൻറെ സ്നേഹം അതിൻറെ പൂർണതയിൽ പ്രകടിപ്പിക്കുവാനും കുറവു കൂടാതെ പകരുവാനും വേണ്ടി അമ്മയെ ഏൽപ്പിച്ചിരിക്കുകയാണ്. അമ്മ ഏതു ഭാഷയിലായാലും ലോകത്തിലെ ഏറ്റവും മനോഹരമായ വാക്ക്. മക്കൾക്കുവേണ്ടി നിരവധിയായ ത്യാഗങ്ങൾ ഏറ്റെടുക്കുന്നവരാണ് .

മനസ്സിലാക്കുന്നവർക്ക് അമ്മയെ ഉരെ വിലമതിച്ചിരുന്നു.മാതൃ ഭക്തിയാണ് അദ്ദേഹത്തെ മഹാനാക്കി ഉയർത്തിയതും. അമ്മയുടെ സ്നേഹത്തിൻറെ വളരെ നല്ല ഉദാഹരണമാണ് പെലിക്കൻ പക്ഷി. പെലിക്കൻ പക്ഷിയുടെ മുട്ടകൾ വിരിഞ്ഞു കുഞ്ഞുങ്ങൾ പുറത്തുവരുന്നു. ഈ കുഞ്ഞുങ്ങൾക്കു ജീവിക്കാൻ രക്തം വേണം. മറ്റു തീറ്റകളൊന്നും തിന്നുകയില്ല. അമ്മപ്പക്ഷി തൻറെ നീണ്ട കൊക്കുകൊണ്ടു സ്വന്തം ഹൃദയത്തിൽ ആഞ്ഞു കൊത്തുന്നു. ഹൃദയം പൊട്ടി തുള്ളിതുള്ളിയായി വീഴുന്ന രക്തം കുഞ്ഞുങ്ങൾക്കു നൽകുന്നു. കുഞ്ഞുങ്ങൾ അതു കുടിക്കുന്നു. അവസാനം തള്ളപ്പക്ഷി പിടഞ്ഞു പിടഞ്ഞു മരിക്കുന്നു. കേശവദേവ് എന്ന എഴുത്തുകാരൻ പറയുന്നതുപോലെ ഏതു കുറ്റവും പൊറുക്കുന്ന കോടതിയാണ് അമ്മയുടെ ഹൃദയം. ഓരോ അമ്മയുടെ ഹൃദയത്തിലും ഓരോ പെലിക്കൻ പക്ഷിയെ കാണാം തൻറെ മക്കളെ, തൻറെ കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റി താരാട്ടുപാടി ഉറക്കി നാം വലുതാവുന്നതുവരെ ത്യാഗങ്ങൾ ഏറ്റെടുക്കുന്നു, സഹിക്കുന്നു.

ഇന്ന് പല വീടുകളിലും പ്രായമായ അച്ഛനമ്മമാരെ മക്കൾ ഭാരമായി കരുതുന്നു. പഴയ വീട്ടുപകരണങ്ങൾ പോലെയാണ് ചില മക്കൾ മാതാപിതാക്കളെ കരുതുന്നത്. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനോ സംസാരിക്കാനോ പോലും അവരെ അനുവദിക്കുന്നില്ല. പ്രായമായവരുടെ അനുഭവ സമ്പത്ത് സ്വീകരിക്കാൻ നാം തയ്യാറാകുകതന്നെ വേണം. അവരുടെ അനുഗ്രഹത്തിനു ശക്തിയുണ്ടെന്നു നാം മനസ്സിലാക്കണം. ഉദയസൂര്യനേക്കാൾ മനോഹരമാണ് അസ്തമയ സൂര്യനെന്ന കാര്യം വിസ്മരിക്കരുത്.

ജീവിതാനുഭവങ്ങളെ ഭാവാത്മകമായി സ്വീകരിച്ചു വളർന്നുവന്നാൽ ജീവിതം രസകരമായിരിക്കും . എല്ലാവർക്കും അങ്ങനെയുള്ള അറിവുകൾ കിട്ടിയെന്നുവരില്ല. പ്രായമായവരെ സഹിഷ്ണുതയോടെ ശ്രദ്ധിക്കുന്നതും, അവരുടെ ജീവിതങ്ങളെ ആനന്ദകരമാക്കുന്നതും നമ്മുടെ ജീവിതത്തെ ധന്യമാക്കുന്ന മാർഗങ്ങളാണ്. പ്രായമായവർ അവരുടെ മക്കൾ, കൊച്ചുമക്കൾ എന്നിവരെല്ലാം ചേരുമ്പോൾ ബനറിങ് പറയുന്നതുപോലെ സൗഭാഗ്യപൂർണമായ കുടുംബമായി മാറുകയും അതു ഭൂമിയിലെ സ്വർഗമാവുകയും ചെയ്യുന്നു.


















# ഹരിത കേരളം ഒരു മരീചികയോ


തിങ്ങി നിറഞ്ഞു നിൽക്കുന്ന കേരനിരകൾ, 44 നദികൾ, തടാകങ്ങൾ, വിവിധതരം സസ്യലതാദികൾ, ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ, ധാരാളം, ജലസ്രോതസ്സുകൾ, നല്ലകാലാവസ്ഥ എന്നിവകൊണ്ട് സമ്പന്നമായ നമ്മുടെ നാട്, മലയാളനാട്, കേരളം. ഈ കേരളത്തെ വർണ്ണിക്കാത്ത കവികളില്ല, കവിതകളില്ല. മഞ്ഞണിഞ്ഞ മാമലകളാൽ കിരീടം ചാർത്തി പച്ചപ്പട്ടണിഞ്ഞ് അനന്തമായ നീലാകാശത്തിനു കീഴിൽ തലയുയർത്തി നിൽക്കുന്ന മാമലനാട്. കവികളുടെയും കലാകാരൻമാരുടെയും തൂലികത്തുമ്പിലൂടെ വർണ്ണരാജികൾ വിടർത്തിയ അനുഗ്രഹീത നാട്. ഋഷിവര്യൻമാർ പാടിയുണർത്തിയ മാലയാളം. ഈ നാടിനെ നോക്കി ചങ്ങമ്പുഴ പാടിയില്ലേ ?

**" മലരണിക്കാടുകൾ തിങ്ങിവിങ്ങി**
**മരതകകാന്തിയിൽ മുങ്ങിമുങ്ങി**
**കരളും മിഴിയും കവർന്നു മിന്നി**
**കരയറ്റൊരാലസൽ ഗ്രാമഭംഗി"**

എങ്ങും ഹരിത ശോഭയിൽ ഉടുത്തൊരുങ്ങിനിൽക്കുന്ന കേരളത്തിൻറെ പ്രകൃതി ഭംഗി ആശ്വദിക്കുവാൻ വിദേശരാജ്യങ്ങളിൽ നിന്നുപോലും സഞ്ചാരികൾ എത്തുന്നു. കേരളത്തിലെ കലകളും സാഹിത്യവും ഉത്സവങ്ങളുമെല്ലാം ലോകപ്രശസ്തങ്ങളാണല്ലോ.കിഴക്ക് പശ്ചിമഘട്ടവും പടിഞ്ഞാറ് അറബിക്കടലും ഈ നാടിൻറെ അതിർത്തികൾ നിർണ്ണയിക്കുന്നു.

വിളഞ്ഞു നിൽക്കുന്ന നെൽവയലുകളും യൗവനം തുടിക്കുന്ന വനങ്ങളും മലനിരകളും ഈ നാടിനെ തികച്ചും വിഭിന്നമാക്കിയിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. പൂർണ്ണമായും കാർഷിക വൃത്തിയെ അടിസ്ഥാനമാക്കി ജീവിതം നയിച്ചിരുന്ന കേരളം ഇന്ന് വളരെയധികം മാറിക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യയുടെ അത്ഭുത പൂർവ്വമായ വളർച്ചയുടെ ഫലമായി പരമ്പരാഗത തൊഴിലുകളായ കൃഷിയും കന്നുകാലി പരിപാലനവും പാടെ ഉപേക്ഷിച്ച് നഗരങ്ങളിൽ ചേക്കേറിയിരിക്കുന്നു. ദൈനം ദിന ഭക്ഷ്യധാന്യങ്ങൾക്കുപോലും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയിൽ ഇന്നെത്തിനിൽക്കുന്നു. പാടങ്ങൾ നികത്തി വ്യവസായ ശാലകളും ബഹുനിലകെട്ടിടങ്ങളും പണിയുന്നു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തന്നെ താറുമാറായിരിക്കുന്നു.

ഭൂമിയ്ക്കെതിരെ മനുഷ്യർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് തിരിച്ചടിയായിട്ടാണ് കാലാവസ്ഥാവ്യതിയാനം പോലുള്ള ആഗോളവിനാശത്തെ നാം കാണേണ്ടത്.




നാലായിരം ദശലക്ഷം വർഷം പഴക്കമുള്ള ഈ ഭൂമിയെ ഇമ്മട്ടിൽ കഠിനച്ചൂടിൽ കരിച്ചുകളയുവാൻ ആരു നമുക്ക് അധികാരം തന്നു? കഴിഞ്ഞ 10 വർഷത്തിലെ കണക്ക് പരിശോധിച്ചാൽ വലിയ തോതിലുള്ള മഴയുടെ കുറവ് നമുക്ക് കാണാൻ കഴിയും . 2014–ൽ 88% മഴ ലഭിച്ചിട്ടുണ്ട്. അത് 2016–ൽ 70% ആയി കുറഞ്ഞിരിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സസ്യങ്ങൾ കുറയുന്നതുമൂലം അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിൻറെ അളവ് വർദ്ധിക്കുന്നു. കാർബൺഡൈ ഓക്സൈഡിനേക്കാൾ ആയിരക്കണക്കിന് മടങ്ങ് മലിനീകരണമുണ്ടാക്കുന്ന റഫ്രിജറേറ്ററുകളിലും എയർ കണ്ടീഷനറുകളിലും ഉപയോഗിക്കുന്ന ഹൈഡ്രോഫ്ളൂറോകാർബൺ വാതകങ്ങളും പരിസ്ഥതിയെ പ്രതികൂലമായി ബാധിക്കുന്നു. വിഷലിബ്ധ ജീവിതശൈലിരോഗങ്ങൾക്ക് അടിമപ്പെടുത്തുന്നു. പുതുമയുടെ പിറകേ പരക്കം പായാനും പഴയതൊക്കെ പുച്ഛിച്ച് തള്ളാനും നാം കാണിക്കുന്ന ഈ പ്രവണത മാറ്റിയേതീരൂ. അല്ലെങ്കിൽ വരും തലമുറയ്ക്ക് വാസയോഗ്യമല്ലാത്ത ഇടമായി നമ്മുടെ ഭൂമി മാറും.

ഇതിന് പരിഹാരമായി എന്ത് ചെയ്യാൻ കഴിയും? ശാസ്ത്രവും കലയും മതവും രാഷ്ട്രമീമാംസയും ഒന്നിച്ച് നിന്നുവേണം ഇതിന് പരിഹാരമന്വേഷിക്കുവാൻ പാരിസ്ഥിതിക വിവേകത്തിനും മൂല്യങ്ങൾക്കും പ്രധാന പരിഗണനയുണ്ടാകണം. ❝വികസനം❞ എന്ന ആഗോളവൽക്കരണത്തെ പൊളിച്ചെഴുതി പുനർഭാവന ചെയ്യണം.അങ്ങനെ ഭൂമിയെ പച്ചപ്പുതപ്പിക്കാൻ തുനിയുന്ന ഒരു സമൂഹം വളർന്നു വരികയാണങ്കിൽ ആവാസവ്യനസ്ഥയിലെ സന്തുലിതാവസ്ഥ സംജാതമാവുക തന്നെ ചെയ്യും . ഗവൺമെൻറ് തലത്തിലും വിദ്യാലയങ്ങളിലും നടത്തുന്ന കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ അഭിനന്ദാർഹങ്ങളാണ്.

രാജ്യത്തിൻറെ പുരോഗതിക്കുവേണ്ടി, നല്ലൊരുനാളേക്കു വേണ്ടിവരുംതലമുറയ്ക്കു വേണ്ടി നമ്മുക്ക് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാം. കവികൾപാടി പുകഴ്ത്തിയ പ്രകൃതിഭംഗി, ജൈവവൈവിധ്യസമ്പത്ത് , വൃക്ഷലതാദികൾ ഹരിതകഞ്ചുകം ഐശ്വര്യപൂർണ്ണമായ ജലാശയങ്ങൾ, പാടശേഖരങ്ങൾ എല്ലാം ഇവിടെ പുനർജ്ജനിക്കണം. അതിനായി ഏവരോടും ആഹ്വാനം ചെയ്യുന്നു.




നേരം പുലർന്നു വരുന്നതേയുള്ളൂ. മുറ്റത്തെ വാകമരത്തിലിരുന്ന് പാട്ടു പാടുകയും കലപിലകൂട്ടുകയും ചെയ്യുന്ന പക്ഷികളെ നോക്കി മുത്തച്ഛൻ നിന്നു. പരിമിതികളെ അതിജീവിച്ചുകൊണ്ടുള്ള തൻറെ പേരക്കുട്ടിയുടെ വലിയ നേട്ടത്തിലുള്ള സന്തോഷത്താൽ മനസ്സ് നിറഞ്ഞ ആ മുത്തച്ഛന് പ്രകൃതിയിലെ സമസ്ത ജീവജാലങ്ങളും തൻറെ കുടുംബത്തിൻറെ സന്തോഷത്തിൽ പങ്കുചേരുകയാണെന്ന് തോന്നി. കിളികൾ അമ്മുവിനുവേണ്ടി പാടുന്നതായും, പൂക്കൾ അവൾക്കുവേണ്ടി വിരിഞ്ഞതായും, പുലർകാല കുളിർകാറ്റിൽ ആടിയുലയുന്ന മരച്ചില്ലകളും അമ്മുവിൻറെ നേട്ടത്തിൽ ആനന്ദിച്ച് നൃത്തമാടുന്നതായും ആ മുത്തച്ഛനു തോന്നി. അങ്ങനെ ഓരോന്ന് ആലോചിച്ച് മുത്തച്ഛൻ തൻറെ പേരക്കുട്ടികളായ അമ്മുവിൻറെയും അനിതയുടെയും ബാല്യകാലസ്മരണകളിൽ മുഴുകി.

മൂന്നു വയസ്സായിട്ടും സംസാരിക്കാൻ തുടങ്ങാത്ത അമ്മുവിനെക്കുറിച്ചോർത്ത് മാതാപിതാക്കൾ അതീവ ദു:ഖിതരായിരുന്നു. ആദ്യമെല്ലാം അവൾ സംസാരിക്കുമെന്ന പ്രതീക്ഷയിൽ അവർ കാത്തിരുന്നു. അമ്മു സംസാരിക്കാൻ തുടങ്ങിയില്ലേ എന്ന വീട്ടുകാരുടേയും നാട്ടുകാരുടേയും ചോദ്യങ്ങളേക്കാൾ ഏവരേയും വേദനിപ്പിച്ചത് തൻറെ കുഞ്ഞനുജത്തി എന്തുകൊണ്ടാണ് ഇതുവരെ സംസാരിക്കാത്തത് എന്ന അനിതയുടെ നിഷ്കളങ്കമായ ചോദ്യമായിരുന്നു.

തങ്ങളുടെ കുടുംബത്തിലെ ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം അവർ അമ്മുവിനെ ഒരു വിദഗ്ധഡോക്ടറുടെ പരിശോധനക്ക് വിധേയയാക്കി. അമ്മുവിന് ഒരിക്കലും സംസാരിക്കാൻ സാധിക്കില്ല എന്നു ഡോക്ടർ പറഞ്ഞപ്പോൾ അവർ വാവിട്ടു നിലവിളിച്ചു.

അമ്മു ജനിക്കുന്നതിനു മുമ്പു തന്നെ അവൾക്ക് എന്തെങ്കിലും വൈകല്യം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ഡോക്ടർ പറഞ്ഞത് അവർ കണ്ണുനീരോടെ ഓർത്തു. എന്നാൽ, അവൾ ജനിച്ചപ്പോൾ പ്രത്യേകിച്ച് കുഴപ്പമൊന്നുമില്ലാത്തതിനാൽ അവർ സന്തോഷിച്ചു. പക്ഷേ അവരുടെ പ്രതീക്ഷകളുടെ മേൽ തീക്കനൽ പോലെയാണ് അവൾ സംസാരിക്കില്ല എന്ന



ഡോക്ടറുടെ വാക്കുകൾ പതിച്ചത്.

തൻറെ പരിമിതികളറിയാതെ കളിച്ചുരസിച്ചുനടക്കുന്ന തങ്ങളുടെ കുഞ്ഞോമനയെ കണ്ടപ്പോൾ അവർ മറച്ചുവെയ്ക്കാൻ ശ്രമിച്ച കണ്ണുനീർതുള്ളികൾ അറിയാതെ അവരുടെ കവിളുകളിലൂടെ ഒഴുകിയിറങ്ങി.

എന്നാൽ തങ്ങളുടെ മനോധൈര്യം നഷ്ടപ്പെടുത്തുവാൻ അവർ തയ്യാറായില്ല. ദൈവം തങ്ങളുടെ മകൾക്ക് സംസാരശേഷി നൽകിയില്ലെങ്കിലും, മറ്റനേകം കഴിവുകൾ അവൾക്കു സമ്മാനിച്ചിട്ടുണ്ടെന്ന് അവർ അടിയുറച്ച് വിശ്വസിച്ചു.

ആ കുഞ്ഞു മിടുക്കിയുടെ കഴിവുകൾ കണ്ടെത്താൻ അവർ അവളുടെ എല്ലാ വിധ പ്രവൃത്തികളും നന്നായി ശ്രദ്ധിച്ചു. അവളെ അവർ അക്ഷരങ്ങൾ പഠിപ്പിച്ചു. സ്കൂളിൽ പോകാൻ കാലമായപ്പോൾ അവളെ അവർ സ്പെഷ്യൽ സ്കൂളിൽ ചേർത്തു. എഴുതാനും, ചെറിയ അലങ്കാരവസ്തുക്കൾ ഉണ്ടാക്കാനും അവൾ പഠിച്ചു തുടങ്ങി.

അതോടൊപ്പം അവൾ ആംഗ്യഭാഷയും പഠിച്ചു.

**അമ്മ സംസാരിക്കാൻ തുടങ്ങിയില്ലേ എന്ന വീട്ടുകാരുടേയും നാട്ടുകാരുടേയും ചോദ്യങ്ങളേക്കാൾ ഏവരേയും വേദനിപ്പിച്ചത് തൻറെ കുഞ്ഞനുജത്തി എന്തുകൊണ്ടാണ് ഇതുവരെ സംസാരിക്കാത്തത് എന്ന അനിതയുടെ നിഷ്കളങ്കമായ ചോദ്യമായിരുന്നു.**

അധ്യാപകരുടെ സഹായത്താൽ അവളുടെ ചിത്രരചനയിലുള്ള പ്രത്യേക കഴിവുകൾ കണ്ടെത്തിയ ആ മാതാപിതാക്കൾ അവളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ചേച്ചിക്കുട്ടിയോടൊപ്പം അവളെയും വയലിൻ വായിക്കാൻ പഠിക്കാൻ അയച്ചു. അവൾ എല്ലാം വേഗം ഹൃദിസ്ഥമാക്കിക്കൊണ്ടിരുന്നു. അമ്മു ശബ്ദങ്ങളെ സ്നേഹിച്ചു. ചുറ്റുമുള്ള ജീവജാലങ്ങളെ അവൾ ശ്രദ്ധയോടെ വീക്ഷിച്ചു കൊണ്ടിരുന്നു.

ആ കുഞ്ഞു മിടുക്കിയുടെ ക ഴിവുകൾ കണ്ടെത്താൻ അവർ അവളുടെ എല്ലാ വിധ പ്രവൃത്തികളും നന്നായി ശ്രദ്ധിച്ചു. അവളെ അവർ അക്ഷരങ്ങൾ പഠിപ്പിച്ചു. സ്കൂളിൽ പോകാൻ കാലമായപ്പോൾ അവളെ അവർ സ്പെഷ്യൽ സ്കൂളിൽ ചേർത്തു.

തിരിച്ചറിവായപ്പോൾ, ചുറ്റുമുള്ളവർക്ക് തന്നോട് സഹതാപമാണുള്ളതെന്ന് അവൾ തിരിച്ചറിഞ്ഞുതുടങ്ങി.
ചുറ്റുമുള്ള സാധാരണ കുട്ടികളുടെയിടയിൽ കഴിവില്ലാത്തതിനാൽ അവഗണിക്കപ്പെട്ടപ്പോൾ സംസാരിക്കാൻ കഴിയാത്തതിനെയോർത്ത് ആ കുഞ്ഞുമനസ്സ് വേദനിച്ചു.തൻറെ പരിമിതിയെക്കുറിച്ചോർത്ത് അവൾ പലപ്പോഴും കരഞ്ഞിരുന്നു.
അമ്മുവിൻറെ വേദനകളിൽ അവൾക്ക് തണലായി അവളുടെ കുടുംബം ഉണ്ടായിരുന്നു. മുത്തശ്ശി പറഞ്ഞുകൊടുത്ത ഹെലൻ കെല്ലർ പോലുള്ളവരുടെ കഥകളും കുടുംബാംഗങ്ങളുടെ സ്നേഹവും കരുതലുമെല്ലാം അവൾക്ക് ആശ്വാസമായിത്തീർന്നു. അത് അവൾക്ക് മുന്നേറാനുള്ള പ്രചോദനമായി. മുത്തശ്ശിയുടെ സാരോപദേശകഥകൾ അവൾക്ക് ജീവിതത്തിൽ വഴിവിളക്കായി. അവൾ നന്നായി വയലിൻ വായിക്കുമായിരുന്നു.

അമ്മുവിൻറെ പ്രയത്നങ്ങൾക്ക് ഈശ്വരൻ ഇന്ന് ഫലം നൽകിയിരിക്കുന്നു. രാജ്യാന്തര സംഗീതദിനമായ ഒക്ടോബർ ഒന്നിനുതന്നെ വാദ്യങ്ങളുടെ രാജാവ് എന്നറിയപ്പെടുന്ന സംഗീതോപകരണമായ വയലിനിൽ സംഗീതരംഗത്തെ മികവിനായി കേരളസർക്കാർ നൽകുന്ന പരമോന്നത പുരസ്കാരമായ സ്വാതി പുരസ്കാരം സംസാരശേഷിയില്ലാത്ത നിശബ്ദയായ തൻറെ അമ്മുവിന് ലഭിച്ചിരിക്കുന്നു.

അവരുടെ സന്തോഷത്തിൽ പങ്കു ചേരാനെത്തിയ അയൽക്കാരുടെ ശബ്ദം കേട്ടാണ് മുത്തച്ഛൻ പൂർവ്വകാല സ്മരണകളിൽനിന്ന് ഉണർന്നത്. ചിന്തിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല. മുത്തശ്ശി ടെലിവിഷൻ ഓണാക്കിയപ്പോഴാണ് അവാർഡ് ദാനച്ചടങ്ങ് തുടങ്ങാനുള്ള സമയമായെന്ന് ഓർത്തത്. തങ്ങളുടെ അമ്മുവിന് അവാർഡ് ലഭിക്കുന്നത് കണ്ടപ്പോൾ അത് കണ്ടിരുന്ന മുത്തച്ഛൻറെയും മുത്തശ്ശിയുടെയും ഹൃദയം അഭിമാനം കൊണ്ട് നിറഞ്ഞു. മൂകയായിരുന്നിട്ടും അമ്മു ഇന്ന് ശബ്ദങ്ങളുടെ ലോകത്ത് തിളങ്ങി.

# നൊമ്പരമായി ശബരീഷിന്റെ അമ്മ; നിത്യസ്മൃതിയായി ശബരീഷ് സ്മാരക പുരസ്ക്കാരം

റിജുല CP

മലപ്പുറം ഗവൺമെൻറ് ഗേൾസ് ഹയർസെക്കൻഡറി സ്ക്കൂളിൽ വെച്ച് നടന്ന സ്ക്കൂൾവിക്കി പുരസ്കാര ചടങ്ങിൽ കോഴിക്കോട് ജില്ലയിലെ മികച്ച സ്ക്കൂളിനുള്ള പുരസ്കാരം വിദ്യാഭ്യാസമന്ത്രി പ്രൊഫസർ c രവീന്ദ്രനാഥിൽ നിന്നും ഏറ്റുവാങ്ങുമ്പോൾ സദസ്സിൽ ഒരമ്മ തന്റെ മകൻ ജീവിതാഭിലാഷമായി ഏറ്റെടുത്ത കർമ്മത്തിന്റെ പൂർത്തീകരണം കൺകളിർക്കെ കാണുന്നുണ്ടായിരുന്നു.വിധി മറ്റൊന്നായിരുന്നെങ്കിൽ ഈ സദസ്സിന്റെ മുൻപന്തിയിൽ ഞങ്ങളോടൊപ്പം ശ്രീ ശബരീഷ് സർ ഉണ്ടാകുമായിരുന്നു എന്ന് ഒരു നിമിഷം തേങ്ങലോടെ ഓർത്തുപോയി.



സ്ക്കൂൾ വിക്കി എന്ന ആശയം സഫലമാക്കാൻ വേണ്ടി അഹോരാത്രം പരിശ്രമിച്ച ശബരീഷ് സാറിന്റെ അമ്മയുടെയും ഭാര്യയുടെയും സാന്നിധ്യത്തിൽ അവാർഡ് ഏറ്റുവാങ്ങാൻ ആയതിൽ തികഞ്ഞ അഭിമാനം തോന്നി.തുടർന്ന് ഞങ്ങൾ ഏറ്റവും ആദരിക്കപ്പെടേണ്ട ശബരീഷ് സാറിന്റെ അമ്മയെ കാണാൻ ചെന്നപ്പോൾ മനുഷ്യത്വം മരിക്കാത്ത ഓർമ്മയുടെ കുത്തൊഴുക്ക് കണ്ണിലൂടെ മിന്നിമറയുന്നത് വേദനയോടെ ഞങ്ങൾ നോക്കിനിന്നു കണ്ണും മനസ്സും ഒരുപോലെ നിറഞ്ഞുപോയ മുഹൂർത്തങ്ങളിലൂടെ കടന്നുപോകുമ്പോൾ ശബരീഷ് സാറിന്റെ അദൃശ്യസാന്നിധ്യം ഞങ്ങൾ അനുഭവിച്ചറിയുകയായിരുന്നു .കുറച്ചു സമയത്തേക്കെങ്കിലും അമ്മയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാൻ ഭാഗ്യം ഉണ്ടായി എന്നത് ഏറെ സന്തോഷകരമാണ്. ഒടുവിൽ യാത്രപറഞ്ഞിറങ്ങുമ്പോൾ ആ തേജസ്സുറ്റ മുഖത്തേക്ക് നോക്കി മനസ്സ് മന്ത്രിച്ചു ജീവിതത്തിന്റെ വഴിത്താരയിലൂടെ നീളം അമ്മയ്ക്ക് അഭിമാനിക്കാം കർമ്മനിരതനായ അമ്മയുടെ മകനെ ഓർത്ത് പ്രിയ ശബരീഷ് സാർ അങ്ങേയ്ക്ക് അഭിമാനിക്കാം സ്നേഹനിധിയായ അമ്മയുടെ മകനായി പിറന്നതിൽ, അവരുടെ ഞങ്ങളുടെ മനസ്സിൽ എന്നെന്നും ജീവിക്കുന്നു എന്നതിൽ.

# 2018 - 2019 അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ

## പ്രവേശനോത്സവം



ജൂൺ ഒന്നാം തീയതി സ്കൂൾ അങ്കണത്തിൽ എത്തിച്ചേർന്ന പുതിയ കുട്ടികളെ ബാന്റ് മേളത്തിന്റെ അകമ്പടിയോടെ സ്വീകരിച്ചു. കുറച്ചൊക്കെ അമ്പരപ്പോടെയും അത്ഭുതത്തോടെയും നിന്നിരുന്ന കുഞ്ഞുങ്ങൾക്ക് വർണാഭമായ ബലൂണുകൾ നല്കിയപ്പോൾ അവരുടെ മനസ്സും മുഖവും സന്തോഷത്താൽ നിറഞ്ഞു.പത്താം തരത്തിലെ കുട്ടികളുടെ നേതൃത്വത്തിൽ നടന്ന ജനറൽ അസംബ്ളി പ്രാർത്ഥനയോടെ ആരംഭിക്കുകയും ഹെഡ്മാസ്റ്റർ ശ്രീ നിയാസ് ചോല സർ തന്റെ വാക്കുകളിലൂടെ കുട്ടികൾക്ക് ഊർജം നൽകുകയും ചെയ്തു. അധ്യാപകരുടെ നേതൃത്വത്തിൽ അതാതു ക്ളാസുകളിലേക്കു പോയ എല്ലാ കുട്ടികൾക്കും മധുരം നൽകി. അതുപോലെ മധുരം നിറഞ്ഞതാകട്ടെ പുതിയ അദ്ധ്യയന വർഷം എന്ന് ഹെഡ്മാസ്റ്റർ ശ്രീ നിയാസ് ചോല സർ ആശംസിച്ചു.

## ജൂൺ 19 - പരിസ്ഥിതി ദിനാഘോഷം

പരിസ്ഥിതി ദിനത്തിന്റെ ആവശ്യകത കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഹെഡ്മാസ്റ്റർ ശ്രീ നിയാസ് ചോല സർ കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും അത് സംരക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തു. നമ്മുടെ പരിസ്ഥിതിയുടെ സംരക്ഷകരാകേണ്ടത് നാം തന്നെയാണ്.പരിസ്ഥിതി സംരക്ഷണം നമ്മുടെ കടമതന്നെയാണ് എന്ന ബോദ്ധ്യം കുട്ടികളിൽ,ഉളനാക്കുന്നതിനായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്ലക്കാർഡുകളുമേന്തി ഒരു റാലി നടത്തുകയുണ്ടായി. ശ്രീ ഹാഷിംകുട്ടി പ്രസ്തുത



ദിനത്തിന്റെ സന്ദേശം അസംബ്ളിയിൽ വച്ചു നൽകി.

## ജൂൺ 19 - വായനപക്ഷാചരണത്തിന്റെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനം




കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരാഴ്ചക്കാലം കൊണ്ടാടുന്ന വായനപക്ഷാചരണത്തിന്റെയും അതോടൊപ്പം സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബുകളുടെയും ഉദ്ഘാടനം 19-ാം തീയതി ഉച്ചതിരിഞ്ഞ് നടത്തി. ഹെഡ്മാസ്റ്റർ ശ്രീ നിയാസ് ചോല സർ ഉദ്ഘാടനംനിർവഹിച്ച് കുട്ടികളോട് വായിച്ചു വളരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി തന്റെ അനുഭവങ്ങളിലൂടെ വളരെ രസകരമായി സംസാരിച്ചു. തുടർന്ന് പത്താം ക്ലാസ്സിലെ "റേഡിയോ" എന്ന പാഠത്തിന്റെ നാടകാവിഷ്കരണം ശ്രീ അബൂബക്കർ മാസ്റ്ററും ശ്രീ അബ്ദുൽ നാസർ മാസ്റ്ററും ചേർന്നു നിർവഹിച്ചു. അവരുടെ അഭിനയ മികവ് ഏവരുടേയും കണ്ണുകളെ ഈറനണിയിച്ചു. പിന്നീട് ഈ അദ്ധ്യാപകർ കുട്ടികളുമായി സംവദിക്കുകയും ഈ നാടകം തങ്ങളെ എങ്ങനെ സ്വാധീനിച്ചുവെന്ന് ഏതാനും കുട്ടികൾ അഭിപ്രായം പറയുകയും ചെയ്തു. കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ മികച്ച വായനക്കാരിയായി കണ്ടെത്തിയ തസ്നിം സമാന എന്ന കുട്ടിക്ക് സമ്മാനം നല്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ഇംഗ്ളീഷ് , മലയാളം, ഹിന്ദി, എന്നീ ഭാഷകളിലെ വിവിധ പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പുകളും പുസ്തക പരിചയവും കുട്ടികൾ അവതരിപ്പിക്കുന്നു. വായന മത്സരം നടത്തി നന്നായി വായിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകി. ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നല്കി




## ജൂൺ 21 - അന്താരാഷ്ട്ര യോഗാദിനാചരണം

ജൂൺ 21 അന്താരാഷ്ട്ര യോഗാദിനമായി ആചരിക്കുന്നു.

2014 ഡിസംബർ 11 ന് ഐക്യരാഷ്ട്രസഭയുടെ സമ്മേളന പ്രകാരം ഈ പ്രഖ്യാപനം നടന്നു. ജൂൺ 21 അന്താരാഷ്ട്ര യോഗാദിനമായി ഐക്യരാഷ്ട്രസംഘടനയുടെ പൊതുസമ്മേളനത്തിൽ നിർദ്ദേശിച്ചത് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ്. ഭാരതത്തിൽ ഉത്ഭവം കൊണ്ട യോഗ, ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളെ സ്പർശിച്ച് ശരീരത്തിന്റേയും മനസ്സിന്റേയും മാറ്റം ലക്ഷ്യമിടുന്നു. യോഗ ദിനത്തിൽ കായികാദ്ധ്യാപകൻ സുമേഷ് സർ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളോട് സംസാരിച്ചു. ശാരീരികവും മാനസികവുമായ ഉണർവ്വും ഉന്മേഷവും അതിലൂടെ ഏകാഗ്രതയും കൈവരിക്കുകയാണ് യോഗയുടെ പ്രാധമിക ലക്ഷ്യമെന്ന് സുമേഷ് കുട്ടികളെ ഉദ്ബോധിപ്പിച്ചു. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളെ രണ്ടു വിഭാഗങ്ങളിലായി സ്കൂൾ ഓഡിറ്റോറിയത്തിൽ അണി നിരത്തുകയും യോഗയ്ക്കായി ശരീരത്തെ സജ്ജമാക്കുന്നതിനുള്ള എക്സൈസുകളും അത തുടർന്ന് യോഗ ചെയ്യേണ്ടതെങ്ങനെയെന്ന് കുട്ടികളെ കാണിച്ചുകൊടുക്കുകയും കുട്ടികളെക്കൊണ്ട്ചെയ്യിപ്പിക്കുകയും ചെയ്തു.

## ജൂൺ 26 - ലഹരിവിരുദ്ധ ദിനം




ലഹരിമരുന്നിൻറെ വിപണനത്തിനെതിരെ ഉണർന്നു പ്രവർത്തിക്കണമെന്ന ആഹ്വാനവുമായി 1987 ലാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത്. മയക്കുമരുന്നുകളുടെ ദുരുപയോഗത്തിനെതിരെ സർവദേശീയമായ അവബോധം സൃഷ്ടിക്കാൻ ഈ പ്രഖ്യാപനത്തിലൂടെ കഴിഞ്ഞെന്ന് യുഎൻ അവകാശപ്പെടുന്നു. ജൂൺ 26 ന് ലോകമെമ്പാടും വിവിധ രീതികളിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കും. ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ ജൂൺ 26 ലഹരിവിരുദ്ധദിനമായി ആചരിച്ചു.ലഹരി വെടിയൂ ജീവൻ രക്ഷിക്കൂഎന്ന മുദ്രാവാക്യവുമായി മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സ്കൂൾ അങ്കണത്തിൽനിന്നും കുമ്പാരം അങ്ങാടി വരെ കാൽ നടയായി ബോധവത്കരണ ജാഥാ നടത്തി.വിദ്യാര്ഥികള്ക്കിടയിലും നാട്ടുകാർക്കിടയിലും ഒരു വലിയ സന്ദേശം നല്കാൻ ഈ ജാഥ കൊണ്ട് സാധിച്ചു.തുടർന്ന് സ്കൂളിൽ ചേർന്ന യോഗത്തിൽ ലഹരിയുടെ ദൂഷ്യങ്ങളെ കുറിച്ചും ലഹരിസൃഷ്ടിക്കുന്ന വൻ വിപത്തുകളെ കുറിച്ചും അനാഥത്വത്തെ കുറിച്ചും ഹെഡ്മാസ്റ്റർ നിയാസ്

ചോളാ സർ കുട്ടികൾക് ക്ലാസ് എടുത്തു.എസ് ആർ ജി കൺവീനർ ഫിറോസ് സർ കുട്ടികൾക്ക് മുദ്രാവാക്യം ചൊല്ലിക്കൊടുത്തു.

# ജൂലൈ 5 ബഷീർ അനുസ്മരണം

കഥകളുടെ സുൽത്താലായ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ ദിനം ബഷീർ അനുസ്മരണ ദിനമായി കൊണ്ടാടി. ജൂലൈ അഞ്ചിന് രാവിലെ 10 മണിക്ക് ചേർന്ന് സ്കൂൾ അസംബ്ലിയിൽ കുട്ടികളുടെ നേതൃത്വത്തിൽബഷീർ അനുസ്മരണ പരിപാടികൾ നടന്നു .പത്താം ക്ലാസിലെ ഷാബിദലി ചടങ്ങിന് സ്വാഗതം പറഞ്ഞു .തസ്ലീം സുമാന അധ്യക്ഷയായിരുന്നു ഹെഡ്മാസ്റ്റർ നിയാസ് ചോല സാർ ഉദ്ഘാടനം. ചെയ്തു 9d ക്ലാസിലെ ആയിഷ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് പർവിൻ ബാനു ബഷീറിൻറെ ജീവചരിത്ര കുറിപ്പ് വായിച്ചു. അജ്മൽ റസ്സൽ എന്നീ വിദ്യാർഥികൾ മതിലുകളിലെ വാർഡനെയും ബഷീറിനെയും അവതരിപ്പിച്ചു. ഫർഹാന ബാല്യകാലസഖിയിലെഒരു ഭാഗം വായിച്ചു .ശിഗീഷ് ബഷീറിനെക്കുറിച്ച് വിഷ്ണുനാരായണൻ നമ്പൂതിരി എഴുതിയ "ബഷീർ എന്ന ബല്യം ഒന്ന്" എന്ന കവിത ആലപിച്ചു. യു പി വിഭാഗത്തിലെ കുട്ടികൾ ബഷീറിൻറെ വിവിധ കഥാപാത്രങ്ങളുടെ വേഷമിട്ടു വന്നു പരിചയപ്പെടുത്തിയത് കൗതുകകരമായ കാഴ്ചയായിരുന്നു ബാല്യകാലസഖിയിലെ സുഹറ പാത്തുമ്മയുടെ ആടിലെ അടി തുടങ്ങി ' ബഷീർ 'തന്നെ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് കടന്നുവന്നു.അഫ്സൽ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.ബഷീർ കൃതികളുടെ പ്രദർശനം ക്ലാസ്സുകളിൽ നടത്തി. ക്ലാസ്സുകളിലെ ബുള്ളറ്റിൻ ബോർഡ് ബഷീറിന്റെ സാഹിത്യ സംഭാവനകളെ ആസ്പദമാക്കിയുള്ളതായിരുന്നു. മികച്ച ബുള്ളറ്റിൻ ബോർഡായി പത്താം തരം ബി യെ തെരഞ്ഞെടുത്തു. ബഷീറിന്റെ സാഹിത്യ കൃതികളെ അടിസ്ഥാനമാക്കി നടത്തിയ പ്രശ്നോത്തരിയിൽ പത്ത-ാം തരം ഡിയിലെ തസ്നിം സമാന മുഴുവൻ മാർക്കും നേടി ഒന്നാമതെത്തി.




# ഹലോ ഇംഗ്ലീഷ്

പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠനം സുഗമമാക്കുന്നതിനുവേണ്ടിയുള്ള

പാഠ്യപദ്ധതിയാണിത്.കളികൾ,സ്കിറ്റ് ,റൈംസ് ,സംഭാഷണങ്ങൾ എന്നിങ്ങനെയുള്ള Interaction method ലൂടെ ഇംഗ്ലീഷ് ഭാഷാനൈപുണി വളർത്തുന്ന ഈ പ്രോഗ്രാം വിദ്യാർത്ഥികളിൽ ഇംഗ്ലീഷിനോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് സഹായകമായി.കൊടകര ബി.ആർ സി യുടെ "ഹലോ ഇംഗ്ലീഷ്"പ്രോഗ്രാം ഞങ്ങളുടെ സ്കൂളിൽ ജൂലൈ 7ന് ഉദ്ഘാടനം ചെയ്തു . തദവസരത്തിൽ ഇംഗ്ലീഷ് സ്കിറ്റ് ,ആക്ഷൻ സോങ്,തീം സോങ് , ഡിസ്കിപ്ഷൻ എന്നീ പരിപാടികൾ അവതരിപ്പിച്ചു . തുടർപ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുകൊണ്ടിരിക്കുന്നു.

# ജൂലൈ 21 - ചാന്ദ്രദിനാഘോഷം

ചാന്ദ്രദിനമായി ലോകം കൊണ്ടാടുന്ന ജൂലൈ 21-ന് പ്രസ്തുത ദിനത്തെക്കുറിച്ചുള്ള ഇവബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിനായി അസംബ്ലിയിൽ പ്രഭാഷണം നടത്തുകയും തുടർന്ന് ഇന്റർകോമിലൂടെ ക്വിസ് മത്സരം നടത്തുകയും ചെയ്തു. സയൻസ് ക്ലബിന്റെ നോട്ടീസ് ബോർഡ് പ്രസതുത ദിനത്തിന്റെ പ്രാധാന്യമുൾക്കൊള്ളുന്ന വാർത്തകളും ചിത്രങ്ങളും ഉപയോഗിച്ച്




മനോഹരമാക്കുകയും ചെയ്തു.ചാന്ദ്രദിനം സയൻസ് ക്ലബ്ബിന്റെ മേൽനോട്ടത്തിൽ സമുചിതമായി ആഘോഷിച്ചു.ചന്ദ്രദിനവുമായി ബന്ധപ്പെട്ട് ക്വിസ്, കൊളാഷ് പ്രദർശനം ,ഡോക്യുമെന്ററി പ്രദർശനം തുടങ്ങി വിവിധ പരിപാടികൾ സ്കൂൾ തലത്തിൽ നടത്തി.കുമ്പാറ ഫാത്തിമ ബീവി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ ചാന്ദ്രദിന വാരാചരണ സമാപനവും കലാം അനുസ്മരണവും നടത്തി. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് കുട്ടികൾക്കായി വിവിധങ്ങളായ മത്സര പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളായ അനുഗ്രഹ ജോസ് സ്വാഗതവും നഹ് ല ജബ്ബാർ അധ്യക്ഷതയും വഹിച്ചു. പരിപാടിയിൽ ഹയർസെക്കൻഡറി പ്രിൻസിപ്പാൾ നാസർ ചെറുവാടി മുഖ്യാതിഥിയും എച്ച് എം നിയാസ് ചോല സാർ ഉദ്ഘാടനവും നിർവഹിച്ചു. വിദ്യാർത്ഥികളായ മുഹമ്മദ് റസ്സൽ, ജോയൽ സിബി ,അജ്മൽ മുഹമ്മദ് എന്നിവർ ചന്ദ്ര യാത്രികരുടെ വേഷമണിഞ്ഞു. പരിപാടികൾ അധ്യാപകരായ നവാസ് യു, റുക്കിയ ഇ ,ഹാഷിംകുട്ടി , ഷെരീഫ എൻ എന്നിവർ നേതൃത്വം നൽകി.

# ജൂലൈ 26 പി.ടി.എ മീറ്റിങ്ങും ഉന്നത വിജയികൾക്കുള്ള അനുമോദന യോഗവും

ഹൈസ്കൂൾ ,യു.പി പി.ടി.എ വിളിച്ചു ചേർക്കുകയും രക്ഷിതാക്കളും അദ്ധ്യാപകരും ചേർന്ന് കുട്ടികളുടെ പഠന പുരോഗതിയും മറ്റും വിലയിരുത്തുകയും ചെയ്തു. എട്ട് , ഒമ്പത് ക്ലാസ്സുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഉയർന്ന മാർക്കുള്ള കുട്ടികൾക്ക് പ്രൊഫിഷ്യൻസി പ്രൈസ് നല്കുകയും ചെയ്തു.പത്താം ക്ലാസ്സിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കുന്ന ചടങ്ങായ മെറിറ്റ് ഡേ 26-ാം തീയതി നടത്തി. 2017-18 അദ്ധ്യയന വർഷത്തിലെ എസ്.എസ്.എൽ, സി പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ കുട്ടികളെ ട്രോഫി നൽകി അഭിനന്ദിച്ചു. പ്രസ്തുത ചടങ്ങിൽ കൂടരഞ്ഞി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ വി എ നസീർ വിശിഷ്ടാതിഥി ആയിരുന്നു.

# ആഗസ്റ്റ്- 15 സ്വാതന്ത്ര്യ ദിനം

2018 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യ ദിനാഘോഷം വിവിധ പരിപാടികളോടെ നടത്തി.പ്രളയകെടുതിയിൽ സമീപ പ്രദേശങ്ങളിലെ കുട്ടികളും JRc,സ്കൗട്ട്, ഗൈഡ് ,ലിറ്റിൽ കൈറ്റ്സ്, ചൈൽഡ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നീ അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.പ്രധാനാധ്യാപകൻ നിയാസ് ചോല ദേശീയ പതാക ഉയർത്തി. ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നാസർ ചെറുവാടി സർ കുട്ടികൾക്ക് സ്വാതന്ത്ര്യദിനാശംസകൾ നേർന്നു. സുമേഷ് കെ സി ചന്ദ്രൻ കെ ഹാഷിംകുട്ടി റുഖിയ ഇ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി . ദേശഭക്തിഗാനാലാപനത്തിന് ശേഷംകുട്ടികൾക്ക് മധുര പലഹാര വിതരണവും നടന്നു.

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ

കേരളം മുഖാമുഖം കണ്ട സമാനതകളില്ലാത്ത പ്രളയ ദുരിതത്തെ അതിജീവിച്ച അദ്ധ്യാപകരും കുട്ടികളും ഓണാ ഘോഷത്തെപ്പോലും മറന്ന കൊണ്ട് ദുരന്തമുഖത്തെ രക്ഷാകര പ്രവർത്തനങ്ങളിൽ മുഴുകിയിരുന്നു. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ DEO യുടെ നിർദ്ദേശമനുസരിച്ച് ആഗസ്റ്റ് 27 തിങ്കളാഴ്ച 10 മണിക്ക് പ്രധാനാധ്യാപകൻ നിയാസ് ചോലയുടെ നേതൃത്വത്തിൽ പി ടി എ എക്സിക്യൂട്ടീവ് അംഗങ്ങളുടേയും സ്റ്റാഫിൻറേയും ഒരു അടിയന്തിര യോഗം ചേർന്നു. യോഗത്തിൽ ഫാത്തിമാബി സ്കൂളിലെ പ്രളയക്കെടുതി അനുഭവിക്കേണ്ടി വന്ന വിദ്യാർത്ഥികളുടെ ഭവനങ്ങളിൽ പോയി സ്ഥിതിഗതികൾ നേരിട്ടറിയുന്നതിനും പുസ്തകങ്ങൾ നഷ്ടപ്പെട്ടവർ ,വീട് ഭാഗികമായോ പൂർണ്ണമായോ നശിച്ചവർ

,മറ്റ് തരത്തിലുള്ള നാശനഷ്ടങ്ങൾ അനുഭവിക്കുന്നവർ എന്നിവരുടെ കണക്കെടുത്ത് എത്രയും പെട്ടന്ന് അവർക്ക് വേണ്ടുന്ന സഹായമെത്തിക്കാൻ തീരുമാനിച്ചു.അതിനു വേണ്ടി സ്കൂൾ ചാരിറ്റി ഫണ്ട് തത്ക്കാലം വിനിയോഗിക്കാമെന്നും തീരുമാനമുണ്ടായി.

# പൊന്നിൻ ചിങ്ങപ്പിറവിയിൽ ജൈവപച്ചക്കറി കൃഷിയുമായി കുമ്പാറ സ്കൂൾ

വയലേലകളിലൊക്കെയും സ്വർണപ്പൂങ്കുലകൾ പോലെ നെന്മണികൾ വിളഞ്ഞു നിന്ന ഒരു കാലം ഉണ്ടായിരുന്നു. കൊയ്ത്തുൽസവങ്ങൾ പതിവായിരുന്ന ഒരു പഴയകാലം. കൃഷിയിടങ്ങൾ നികത്തപ്പെട്ടിട്ടും നെന്മണികൾ കാണാക്കനിയായിട്ടും നമ്മുടെ തീൻമേശയിൽ വിഭവങ്ങൾക്ക് പഞ്ഞമില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന നിലവാരം കുറഞ്ഞ, വിഷമയമായ ഭക്ഷണസാധനങ്ങൾ കഴിച്ച് മലയാളികൾ രോഗികളായി മാറുന്ന ഈ സാഹചര്യത്തിൽ ജൈവകൃഷിക്ക് പ്രാധാന്യം ഏറി വരുന്നു. ഫാത്തിമാബി ഹൈസ്കൂൾ ചിങ്ങം-1 കർഷകദിനമായി ആചരിച്ചതോടൊപ്പം ജൈവകൃഷിപദ്ധതിക്കും തുടക്കമിട്ടു. നമ്മുടെ സംസ്കാരത്തെയും, പാരമ്പര്യത്തെയും സംരക്ഷിക്കുകയെന്ന അവബോധം പുതുതലമുറയ്ക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ ജൈവപച്ചക്കറികളായ തക്കാളി, വെണ്ട, പയർ, വഴുതന, ചീര, പച്ചമുളക് തുടങ്ങി വിവിധതരത്തിലുള്ള പച്ചക്കറിത്തൈകൾ 100 ഗ്രോ ബാഗുകളിലും, നിലത്തുമായി അധ്യാപകരും കുട്ടികളും ചേർന്ന് നട്ടു. സ്കൂളിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന മഹത്തായ ഉദ്യമത്തിന്റെ ഉദ്ഘാടനകർമ്മം ഹെഡ് മാസ്റ്റർ നിയാസ് ചോല നിർഹിച്ചു. സ്കൂൾ വളപ്പിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു. ഇക്കോ ക്ലബ് കണ്വീനറായ ശ്രീമതി ഗീത മനക്കൽ , മറ്റ് അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ഇതിൽ പങ്കുചേർന്നു . കൃഷി ഒരു തൊഴിൽ മാത്രമല്ല അതൊരു സംസ്കാരവും കൂടിയാണെന്ന തിരിച്ചറിവ് നേടാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു എന്നത് അഭിമാനകരമാണ്.

# അധ്യാപക ദിനം

തങ്ങളുടെ അദ്ധ്യാപകരോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നതിനായി സെപ്തംബർ 5 കുട്ടികൾ അദ്ധ്യാപക ദിനം കൊണ്ടാടി. അധ്യാപകരെയും അനധ്യാപകരെയും ആദരിച്ചും കൊച്ചു കൊച്ചു സമ്മാനങ്ങൾ നൽകിയും അവർ തങ്ങളുടെ സ്നേഹം പ്രകടിപ്പിച്ചു. കാബിനറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ തരം മത്സരങ്ങളും കളികളും

അദ്ധ്യാപകർക്കായി നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. അദ്ധ്യാപക ദിന സന്ദേശം സീനിയർ അസിസ്റ്റൻറ് ശ്രീ ഖാലിദ് സാർ നൽകി. അദ്ധ്യാപക ദിന പ്രതിജ്ഞ ഹെഡ്മാസ്റ്റർ ശ്രീ നിയാസ് ചോല സാർ ചൊല്ലിക്കൊടുക്കുകയും അസംബ്ലിയിൽ മുഴുവൻ അധ്യാപകർ അത് ഏറ്റു ചൊല്ലുകയും ചെയ്തു. സ്റ്റുഡൻറ് ടീച്ചറുടെ മേൽനോട്ടത്തിൽ നടന്ന ക്ലാസുകൾ കുട്ടികൾക്ക് പുതിയ അനുഭവമായി. പരിപാടിക്ക് സ്കൂൾ ലീഡർ മുഹമ്മദ് ഷിബിൻ തസ്നീം സമാന ഹെഡ്മാസ്റ്റർ നിയാസ് ചോല jrc , സ്കൗട്ട്,ഗൈഡ് യൂണിറ്റ് ക്യാപ്റ്റൻമാർ എന്നിവർ നേതൃത്വം നൽകി .അവരുടെ സ്നേഹപ്രകടനങ്ങൾക്കുമുന്നിൽ നമ്ര ശിരസ്കരായ അദ്ധ്യാപകർക്കു വേണ്ടി പ്രധാനാദ്ധ്യാപകൻ ശ്രീ നിയാസ് ചോല സാർ കൃതജ്ഞതയർപ്പിച്ചു.

# സ്കൂൾ വളപ്പിലെ ജൈവവൈവിദ്ധ്യം

കൃഷിയെ പ്രാണനായും ജീവിതോപാധിയായും കരുതിയിരുന്ന ഒരു തലമുറ ഇവിടെ നിലനിന്നിരുന്നു. മണ്ണിനേയും മക്കളെയും ഒരുപോലെ സ്നേഹിച്ചിരുന്ന അവർക്ക് കൃഷി ഒരു വരുമാന മാർഗ്ഗം മാത്രമായിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി അതല്ല. ഈ സാഹചര്യത്തിലാണ് കുമ്പാറ ഫാത്തിമാബി ഹൈസ്കൂളിലെ കുട്ടികൾ പലതരം കാർഷിക പ്രവർത്താനങ്ങളിലൂടെ സ്കൂൾ വളപ്പിൽ ജൈവവൈവിദ്ധ്യം ഒരുക്കാൻ ശ്രമിക്കുന്നത്. മണ്ണിന്റെ സ്വാഭാവികത നിലനിർത്തിക്കൊണ്ട് രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാതെ തികച്ചും ജൈവരീതിയിലുള്ള കൃഷിയാണ് നടപ്പിലാക്കുന്നത്. അതിനായി അവർ വാഴകൃഷി, ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം, ടെറസ് കൃഷി എന്നിങ്ങനെ സ്കൂൾ വളപ്പിൽ ജൈവവൈവിദ്ധ്യം ഒതുക്കാൻ ശ്രമിച്ചു വരുന്നു. പരിസ്ഥിതി അതിന്റെ മനോഹാരിതയിൽ സംരക്ഷിക്കണം എന്ന സന്ദേശമാണ് ഇതിലൂടെ കുട്ടികൾ സമൂഹത്തിന് നല്കുന്നത്.

# പാസ്സ്‌വേർഡ് 2018 -19 ദ്വിദിന കരിയർ ഗൈഡൻസ് ക്യാമ്പ്

കുമ്പാറ ഫാത്തിമ മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ സംഘടിപ്പിച്ച ശില്പശാല ജോർജ് എം തോമസ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളിൽ തൊഴിൽപരമായ അവബോധമുണ്ടാക്കുക സിവിൽ സർവീസ് അടക്കമുള്ള മേഖലകളിലെ മത്സരപരീക്ഷകൾക്ക് പ്രാപ്തമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം .പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി എ നസീർ അധ്യക്ഷം വഹിച്ചു പ്രൊഫസർ എം അബ്ദുറഹ്മാൻ പിടിഎ പ്രസിഡണ്ട് എൻ കെ ഇസ്മയിൽ

പ്രധാനാധ്യാപകൻ നിയാസ് ചോല മുഹമ്മദ് റാഫി ഡോക്ടർ അലി അക്ബർ താലീസ് എം അഫ്സൽ മടവൂർ നാസർ കുന്നമ്മൽ പ്രിൻസിപ്പൽ കെ അബ്ദുൽ നാസർ സ്റ്റാഫ് സെക്രട്ടറി മുഹമ്മദ് സുബിൻ എന്നിവർ പ്രസംഗിച്ചു.ഉന്നത കലാലയങ്ങളിൽ അഡ്മിഷൻ ലഭിക്കാൻ സഹായിക്കുന്ന മത്സരപരീക്ഷാ പരിശീലന പരിപാടിയായ സിപിഐയിലേക്ക് വിദ്യാർത്ഥികളെ. തെരഞ്ഞെടുത്തു .

# ഗാന്ധിജയന്തി വാരാചരണം

ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് ഫാത്തിമ മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ ദണ്ഡി മാർച്ച് നടത്തി. ഹയർസെക്കണ്ടറി പ്രിൻസിപ്പൽ അബ്ദുൽനാസർ സാർ ഹെഡ്മാസ്റ്റർ നിയാസ് ചോല സാർ എന്നിവർ സംയുക്തമായി പതാക കൈമാറി കൊണ്ട് മാർച്ച് ഉദ്ഘാടനം ചെയ്തു. ഗാന്ധിജിയുടെയും 78 അനുയായികളുടെയും വേഷമണിഞ്ഞ വിദ്യാർത്ഥികൾ സ്കൂളിൽ നിന്നും കുമ്പാറ ബസാറിലേക്ക് നടത്തിയ കാൽനടയാത്ര 1930 ലെ ദണ്ഡിയാത്രയെ അനുസ്മരിപ്പിച്ചു. ദേശഭക്തിഗാനങ്ങൾ വിദ്യാർത്ഥികൾ ആലപിച്ചത് പരിപാടിക്ക് മാറ്റു കൂട്ടി. അധ്യാപകരായ ഖാലിദ് എംഎം കുമ്പാറ അങ്ങാടിയിൽ വെച്ച് നടത്തിയ ദണ്ഡി അനുസ്മരണപ്രഭാഷണം സ്വാതന്ത്ര്യ സ്മരണയിലേക്ക് ശ്രോതാക്കളെ എത്തിക്കാൻ പര്യാപ്തമായിരുന്നു. വാരാചരണത്തിന്റെ ഭാഗമായി ഗാന്ധി ക്വിസ് ,സ്കൂൾ പരിസര ശുചീകരണം, ഡോക്യുമെന്ററി പ്രദർശനം തുടങ്ങിയവ നടന്നു. വാരാചരണത്തിന്റെ സമാപനസമ്മേളനം ഹെഡ്മാസ്റ്റർ നിയാസ് ചോല സാർ ഉദ്ഘാടനം ചെയ്തു ബീന ടീച്ചർ നന്ദി പറഞ്ഞു.

## സ്കൂൾ യുവജനോത്സവം

ഒക്ടോബർ പത്താം തീയതി സ്കൂൾ കലോത്സവത്തിന് അരങ്ങുണർന്നു. സ്റ്റേജിതര മത്സരങ്ങൾ മുൻ ദിവസങ്ങളിൽ നടത്തിയതിനാൽ സ്റ്റേജ് മത്സരങ്ങൾ അന്നേദിവസം രാവിലെ 9 30 ന് ആരംഭിച്ചു. കലോത്സവത്തിന്റെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ ശ്രീ നിയാസ് ചോല സാറിന്റെ അധ്യക്ഷതയിൽഹയർസെക്കൻഡറി പ്രിൻസിപ്പൽ അബ്ദുൽനാസർ നിർവഹിച്ചു. റൂബി ,ഡയമണ്ട് എന്നിങ്ങനെ രണ്ട്ഹൗസുകളിൽ ആയി യുപി ,ഹൈസ്കൂൾ ,ഹയർസെക്കൻഡറി വിഭാഗത്തിലെ വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. വിവിധ കമ്മിറ്റികളുടെ ആത്മാർത്ഥമായ പ്രവർത്തനം യുവജനോത്സവം ഒരു വൻ വിജയമാക്കി

തീർക്കാൻ സഹായകമായി.ഇഞ്ചോടിഞ്ച് പോരാട്ടം നടന്ന യുപി ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ യുപി ഹൈസ്കൂൾ വിഭാഗത്തിൽ റൂബി ഹൗസും ഹയർസെക്കൻഡറി വിഭാഗത്തിൽ ഡയമണ്ട് ഹൗസും ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഓവറോൾ ചാമ്പ്യൻഷിപ്പ് ഡയമണ്ട് ഹൗസ് പിടിച്ചെടുത്തു.കലാമാമാങ്കം തന്നെയായിരുന്നു യുവജനോത്സവ വേദി മോഹിനിയാട്ടം നാടൻപാട്ട് സംഘനൃത്തം ഒപ്പന മാർഗംകളി ചവിട്ടുനാടകം വട്ടപ്പാട്ട് കോൽക്കളി മൂകാഭിനയം വഞ്ചിപ്പാട്ട്,തുടങ്ങി വിവിധ ഇനങ്ങളിൽ കുട്ടികൾ അവരുടെ കഴിവുകൾ തെളിയിച്ചു.സബ് ജില്ലാ കലാമേളയിൽ സ്കൂളിനെ പ്രതിനിധീകരിക്കേണ്ട ടീമിന്റെ തിരഞ്ഞെടുപ്പും അന്നേ ദിവസം തന്നെ നടന്നു. വ്യക്തിഗത ,ഗ്രൂപ്പിനങ്ങളിൽ വിജയികളായ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അന്നേദിവസം തന്നെ നടന്നു .സമാപനസമ്മേളനം ശ്രീ എൻ കെ ഇസ്മായിൽ ഉദ്ഘാടനം ചെയ്തു.കലോത്സവം ഒരു വൻവിജയമാക്കി തീർക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും പിടിഎ യും പൂർവ്വ വിദ്യാർത്ഥികളെയും നന്ദി പ്രസംഗത്തിൽ കലോത്സവം കൺവീനർ ശ്രീ അബൂബക്കർ പ്രത്യേകം പരാമർശിച്ചു.

## മുക്കം ഉപജില്ല അറബിക് കലോത്സവം ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി എഫ് എം എച്ച്എസ്എസ് കുമ്പാറ.

ചേന്നമംഗല്ലൂർ ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടന്ന മുക്കം ഉപജില്ല അറബിക് കലോത്സവത്തിൽ 67 പോയിൻറ് കരസ്ഥമാക്കി കുമ്പാറ എഫ് എം എച്ച് എസ് എസ് ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. 5 മത്സര ഇനങ്ങളിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി ജില്ലയിലേക്ക് യോഗ്യത നേടി.അതോടൊപ്പംതന്നെ 11 മത്സരയിനങ്ങളിൽ എ ഗ്രേഡ് കരസ്ഥമാക്കാൻ സാധിച്ചതും നേട്ടമായി.മികച്ച വിജയം കരസ്ഥമാക്കിയ അറബി ക്ലബ് വിദ്യാർത്ഥികളെയും അധ്യാപകരെയും മലയാളത്തിളക്കം ഉദ്ഘാടനവേദിയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ മുക്കം മുഹമ്മദ് ആദരിച്ചു.

## മുക്കം ഉപജില്ലാ ശാസ്ത്രമേള എഫ് എം എച്ച് എസ് എസ് കുമ്പാറ ജേതാക്കൾ.

തിരുവമ്പാടി മുക്കം ഉപജില്ലാ ശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ കുമ്പാറ ഫാത്തിമാ ബി മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂൾ ഒന്നാംസ്ഥാനം നേടി സ്റ്റിൽ

മോഡലിൽ തസ്നീം സുമാന , ഹിന ഹകിം എന്നിവരടങ്ങിയ ടീമും ഇംപ്രൊവൈസ്ഡ് എക്സ്പെരിമെന്റ് മത്സരത്തിൽ സൂര്യ, പർവീൻ ബാനു എന്നിവരടങ്ങിയ ടീമും സയൻസ് മാഗസിൻ മത്സരത്തിലും സ്കൂളിന് ഒന്നാംസ്ഥാനം കരസ്ഥമാക്കാനായി. വർക്കിംഗ് മോഡൽ സി വി രാമൻ ഉപന്യാസ രചന എന്നിവയിൽ രണ്ടാംസ്ഥാനവും ശാസ്ത്ര നാടകമത്സരത്തിൽ മൂന്നാം സ്ഥാനവും സയൻസ് പ്രോജക്ടിൽ ബി ഗ്രേഡും കരസ്ഥമാക്കിയാണ് തുടർച്ചയായി രണ്ടാംതവണയും സ്കൂൾ ചാമ്പ്യൻഷിപ്പ് നിർത്തിയത്. ഗണിതശാസ്ത്ര മേളയിൽ ഉപജില്ലയിലെ ഓവറോൾ മൂന്നാംസ്ഥാനം കരസ്ഥമാക്കാനും സ്കൂളിനായി. പ്യുവർ കൺസ്ട്രക്ഷൻ, രാമാനുജൻ പേപ്പർ പ്രസന്റേഷൻ എന്നിവയിൽ ഒന്നാംസ്ഥാനവും അപ്ലൈഡ് കൺസ്ട്രക്ഷനിൽ രണ്ടാംസ്ഥാനവും പസിൽ, സിംഗിൾ പ്രൊജക്റ്റ് ,അദർ ചാർട്ട് എന്നിവയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയാണ് ഗണിതശാസ്ത്രമേളയിൽ സ്കൂൾ ഓവറോൾ മൂന്നാം സ്ഥാനം കരസ്ഥമാക്കിയത്. സ്കൂളിനായി മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ഹെഡ്മാസ്റ്റർ അനുമോദിച്ചു

## ഭവനസന്ദർശനം

വിദ്യാർത്ഥികളുടെ വീടുകളിലെ പഠനാന്തരീക്ഷം അറിയുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് കണ്ടും മാതാപിതാക്കളിൽ നിന്ന് അന്വേഷിച്ച് അറിയുന്നതിനുമായി അധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുന്നു.വ്യക്തിഗതമായി ഓരോരുത്തരെ മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ട് കുട്ടികളോട് അടുത്തിടപെടുന്നതിനും പഠനത്തിനും സ്വഭാവരൂപികരണത്തിനും സഹായിക്കുനതിനും സാധിക്കുന്നുണ്ട് .വീട്ടുക്കാർക്കും അധ്യാപകരോട് വളരെയധികം മതിപ്പും ബഹുമാനവും വളരുന്നതായി കാണാൻ കഴിഞ്ഞു.വിവിധ ഗ്രൂപ്പുകളായി അധ്യാപകർ ഭവന സന്ദർശനം പൂർത്തിയാക്കി. ഭവന സന്ദർശനത്തിന് ശേഷം നടന്ന പ്രത്യേക സ്റ്റാഫ് മീറ്റിംഗ് വിവിധ ഗ്രൂപ്പ് ലീഡർമാർ തങ്ങളുടെ സന്ദർശന റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനസൗകര്യം ഒട്ടുമില്ല എന്ന് കണ്ടെത്തിയ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. അതോടൊപ്പംതന്നെ പഠനസൗകര്യം ഒട്ടുമില്ലാത്ത പത്താംക്ലാസിലെ സാബിത് എന്ന വിദ്യാർഥിക്ക് പഠനമുറി നിർമ്മിച്ചു നൽകുകയും ചെയ്തു

## DEC -7,8 ദ്വി ദിന സ്കൗട്ട് ഗൈഡ് ക്യാമ്പ്

2018 -19 അധ്യായന വർഷത്തെ സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റ് തല ദ്വിദിന ക്യാമ്പ് ഡിസംബർ 7 8 തീയതികളിൽ ആയി സ്കൂളിൽ നടന്നു.രാവിലെ 8 30ന് ഫ്ലാഗ് സെറിമണിയോടു കൂടിയാണ് ക്യാമ്പിന് തുടക്കം കുറിച്ചത് തുടർന്ന് നടന്ന ഉദ്ഘാടനച്ചടങ്ങിൽ

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഇൻ ചാർജ് ബീന ടീച്ചർ സ്വാഗതം പറഞ്ഞു .സ്കൗട്ട് മാസ്റ്റർ ശ്രീ പ്രിൻസ് ടിസിഅധ്യക്ഷത വഹിച്ച ചടങ്ങിൽ ഹയർസെക്കണ്ടറി പ്രിൻസിപ്പൽ ജനാബ് നാസർ ചെറുവാടി ഉദ്ഘാടനകർമ്മം നിർവഹിച്ചു.ഗൈഡ് ക്യാപ്റ്റൻമാരായ ശരീഫ ടീച്ചർ ഷാക്കിറ ടീച്ചർ എൻഎസ്എസ് കൺവീനർ ശ്രീ സുബിൻ എന്നിവർ ആശംസകളർപ്പിച്ചു ഹയർസെക്കൻഡറി സ്കൗട്ട് മാസ്റ്റർ ജമാൽ സാർ നന്ദി പ്രകാശനം നടത്തി

സ്കൗട്ട് ഗൈഡ് വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അവരുടെ ഓർമ്മകളിലെന്നും വർണ്ണച്ചിറകുകൾ വിടർത്തുന്ന 2 ദിനങ്ങളായിരുന്നു അത്.ഏഴാം തീയതി ഉച്ചക്കുശേഷം ക്യാമ്പിനെ പ്രധാന ആകർഷണങ്ങളിലൊന്നായ ഹൈക്ക് നടത്തി . രാത്രി ക്യാമ്പ് ഫയറിൽ കുട്ടികളുടെ വിവിധ വിവിധങ്ങളായ കലാപരിപാടികൾ അരങ്ങേറി. 10 മണിയോടെ ക്യാമ്പിന്റെ ആദ്യ ദിനത്തിന് സമാപനമായി. രാവിലെ കൃത്യം 5 30 ന് തന്നെ ക്യാമ്പ് ഉണർന്നു ആറുമണിക്ക് ബിപി എക്സൈസോടുകൂടി പരിപാടികൾക്ക് തുടക്കമായി. ഏഴുമണിയോടെ സർവ്വമത പ്രാർത്ഥന ആരംഭിച്ചു എട്ടുമണിക്ക് പ്രഭാതഭക്ഷണം നൽകി. കൃത്യം 8 30 ന് തന്നെ ഫ്ലാഗ് സെറിമണി നടന്നു. രാജേഷ് സാറും രമ ടീച്ചറും ആയിരുന്നു വിവിധ സെഷനുകൾക്ക് നേതൃത്വം നൽകിയത് .ആട്ടവും പാട്ടവും പഠനവുമായി രണ്ടു ദിനങ്ങൾ പിന്നിട്ടത് അറിഞ്ഞതേയില്ല .വൈകുന്നേരം 3 30 ന് സമാപന പരിപാടികൾ ആരംഭിച്ചു , ഫ്ലാഗ് ലോവറിങ്ങോടുകൂടി ക്യാമ്പിന് സമാപനമായി. സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ് ഇൻചാർജ് അധ്യാപകരായ പ്രിൻസ് സർ,ജമാൽ സർ ഷെരീഫടീച്ചർ, ഷാക്കിറ ടീച്ചർ എന്നിവർക്ക് പുറമേ അബൂബക്കർ സർ നവാസ് സർ സലീം സർ ഗീത ടീച്ചർ എന്നിവർ ക്യാമ്പിലെ നിറസാന്നിധ്യമായിരുന്നു.

# പ്രവൃത്തി പഠനം

തൊഴിലിനോടേ ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ളതുമായ ഒരു പുതിയ തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി പുതിയ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നിയാസ് ചോല എന്ന പ്രഗത്ഭയായ അധ്യാപകന്റെ നേതൃത്വത്തിൽ പ്രവൃത്തി പരിചയ ക്ലാസ്സുകൾ നടന്നുവരുന്നു. സമൂഹത്തിന് പ്രയോജന പ്രദമായ സേവനങ്ങളിലേക്കും ഉത്പന്ന നിർമ്മിതിയിലേക്കും വിദ്യാർത്ഥികളെ നയിക്കുന്നതിനായി വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കി വരുന്നു. കുട്ടികളുടെ താല്പര്യത്തിനനുസരിച്ച് വിവിധ മത്സരങ്ങൾ നടത്തുകയും അവയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവരെ ഉപജില്ലാ മേളയിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം നടത്തിവരികയും ചെയ്യുന്നു.

# Nature

*Melin mathew*

Life is full of joy and sorrow
Enjoy it freely or in a deep burrow
It’s yours you have to live it,
Don’t lose it falling in a pit

Look the dance of the peacock in rain
Look at caged bird pain
Listen the lion roar,
Or a song of condor

Speak like cuckoos sweet voice
So that everyone listens you even a small muse
Search for the end of sea
Or in a forest a tree

So try to enjoy every moment of life,
Do not try to disturb a hive
Don’t become selfish and jealous of other,
Treat the nature as your mother.

You will see life becoming worthwhile,
When you walk along river a mile.

# ചെമ്മരിയാടിന്റെ നൃത്തം

Aparna suresh



ഒരു മലയുടെ താഴ്വരയിൽ ഒരു പറ്റം ചെമ്മരിയാടുകൾ ഉണ്ടായിരുന്നു. ചെന്നായ ഓടിച്ചപ്പോൾ ഒരു ചെമ്മരിയാട് ഒറ്റപ്പെട്ടു. അവൾ കുറേദൂരം ഓടി. രക്ഷപ്പെടാൻ തനിക്ക് കഴിയില്ലെന്ന് ചെമ്മരിയാടിനു ബോധ്യമായി. അവൾ പെട്ടെന്ന് നിന്നു. ഓട്ടത്തിൻറെ വേഗം കൊണ്ട് ചെന്നായ ചെമ്മരിയാടിനെ പിന്നിലാക്കിയിരുന്നു. അവൻ അവളുടെ നേരെ തിരിഞ്ഞു. അപ്പോൾ ചെമ്മരിയാട് ശാന്തമായ സ്വരത്തിൽ പറഞ്ഞു. ഞാൻ താങ്കൾക്കു കീഴടങ്ങിക്കഴിഞ്ഞു. ഇനി എപ്പോൾ വേണമെങ്കിലും താങ്കൾക്ക് എന്നെ കൊന്നു തിന്നാം. പക്ഷേ എനിക്ക് സന്തോഷത്തോടെ മരിക്കാനാണിഷ്ടം. ഞാൻ നന്നായി നൃത്തം ചെയ്യാം. അതിനായി അങ്ങ് ഒരു പാട്ട് പാടണം. പാട്ടിനൊപ്പം ഞാൻ നൃത്തം ചെയ്യാം.


അങ്ങനെ ഞാൻ നൃത്തത്തിൻറെ ലഹരിയിൽ മുഴുകിക്കഴിഞ്ഞാൽ അങ്ങ് എൻറെ മേൽ ചാടിവീണ് എന്നെക്കൊന്ന് ഭക്ഷിച്ചുകൊള്ളൂ. അപ്പോൾ എനിക്ക് വേദന അറിയാതെ സന്തോഷത്തോടെ മരിക്കാമല്ലോ. ചെന്നായക്ക് ചെമ്മരിയാടിൻറെ ആ അന്ത്യാഭിലാഷം രസകരമായിതോന്നി. അവൻ ആടിൻറെ ആഗ്രഹമനുസരിച്ച് പാട്ടു തുടങ്ങി. ആടു കൈകൾ രണ്ടും ഉയർത്തി ഡാൻസ് ആരംഭിച്ചു. ആടിൻറെ നൃത്തത്തിൽ ചെന്നായ രസം പിടിച്ച് പാട്ടു തുടർന്നു. അവൻ പതുക്കെ താളം പിടിക്കാനും തുടങ്ങി. ഡാൻസ് കളിച്ചു ക്ഷീണിച്ചുനിൽക്കുന്ന ആടിനെ പിടിച്ച് അകത്താക്കാൻ വളരെ എളുപ്പമാണെന്നു ചിന്തിച്ചപ്പോൾ അവൻറെ വായിൽ വെള്ളമൂറി. അകത്താക്കുന്നതിനുമുമ്പ് ഇരകളുടെ ഡാൻസ് രസമുള്ള പരിപാടിയാണെന്ന് അവനു തോന്നി.

ഇതിനിടെ ആടിൻറെ പാട്ടും നൃത്തവും കണ്ട് ചുറ്റുമുള്ള മരങ്ങളിലെ പക്ഷികൾ ഹർഷാരവം മുഴക്കി. അവ ഉറക്കെ ചിലയ്ക്കാനും കൂകാനും തുടങ്ങി. ഇതോടെ കാടിൻറെ ആ ഭാഗത്ത് എന്തോ അസാധാരണമായി നടക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ രണ്ടു നായാട്ടുനായ്ക്കൾ അവിടെ പാഞ്ഞെത്തി. അവക്കു പിറകെ നായാട്ടുകാരുമെത്തി. പാട്ടിലും നൃത്തത്തിലും ലയിച്ചിരുന്ന ചെന്നായയ്ക്കു ചുറ്റും നടക്കുന്ന കാര്യങ്ങളുടെ ഗൗരവം മനസ്സിലായില്ല. ഇടക്ക് ശ്രദ്ധയൊന്നു മാറിയപ്പോഴാണ് ചുറ്റും നിൽക്കുന്നവരെഅവൻകണ്ടത്ചെന്നായപാട്ടു നിർത്തി. നായ്ക്കളേയും നാട്ടുകാരേയും കണ്ട അവൻ ഭയന്നുപോയി. അവൻ ജീവനും കൊണ്ടോടി. അങ്ങനെ ആടു രക്ഷപ്പെട്ടു.

**ഗുണപാഠം: ജീവൻ അപകടത്തിലായിരിക്കുമ്പോഴും സമചിത്തതയും ശാന്തതയും കൈവിടാതിരിക്കുക. അത് ഭീകരശത്രുക്കളെ പോലും പരാജയപ്പെടുത്താൻ നമ്മെ സഹായിക്കും.**

# AN AUTO BIOGRAGPHY

# OF A KITE



The glowing sunrays which reflected from the wing tips of birds that sowed in the sky fell on my face. The sight of the birds spreading out their steady wing blades and circulating in the blue sky filled my heart with amazement.

At that wonderful moment, a thought pierced through my heart. Why can't I fly? Yes, I am a kite. I have the potential to soar in the sky. Thus, my mind and soul was ignited to fly up. I spend day and night with the dream to fly.

As to make the proverb, "where there is a will, there is a way " more accurate, there came those little hands with great enthusiasm to pick up my string of 'dreams'. With great love and compassion those hands untied the loops in my string and made me ready to fly. I trust those hands and with a deep breath hold the hands of the soft wind that blow by.

**A group of birds welcomed me with a pleasant shrill. I was so elated to have the new experience of flying. Cross cutting the fresh air. I continued my journey day and night, while the twinkling stars lighted my path in their light.**

Unfortunately, there appeared a stormy wind from the poles of the earth. It was strong enough to make me deviate from my path. The sight of the monstrous wind filled my heart with horror. I stood there lonely and helpless with a hopeless heart. All my dreams flew far away from me. In that minute of despair, there came a strong force from far away. Yes! It was those hands which lighted my path and kept me close to that heart.It gave me strength to face the monstrous wind by a fearless face. Those hands protected me from **those nasty winds and directed me tothe sky. As I continued my path, there appeared a question mark before me.**

"I am an ordinary kite and how was I able to travel such long distance with my short and soft string. Well, how can I travel the rest of my journey with an ordinary string? At that moment there came a voice from high. It showed me the hands which hold me. I realized that it was not a pair of hands but several hands together increased the length and give rigidity to my string giving up their own soul, handwork and energy. A number of faces appeared before, which mould me just like the pebbles in the ocean. Somewhere around me, and some were far away. But no matter all they were safe in the 'cage' of my heart. Bowing my head before their sacrifice, I continued my journey, because it's not just my own dream, but the dreams of those hands, which hold my strings and directed me to the path of knowledge that I have to fulfill.

MUHAMMED BINSHAD
XII SCIENCE

പണ്ട്,

അയലത്തെ വീട്ടിലെ കുക്കർ
വിസിൽ അടിച്ചപ്പോൾ
മൈമൂനത്താത്ത കുക്കർ ഓഫാക്കി
ഉമ്മച്ചി നീട്ടി വിളിച്ചത്
ആ കാതിലുണ്ട് മായാതെ
ഇന്നും
അങ്ങനെ ഒന്നുണ്ടായി
മൈമൂന കുക്കർ ..
സ്മാർട്ട് ഫോണിൻറെ പൊളി തുറന്ന്
അയൽപക്ക ഗ്രൂപ്പിൽ
ഉമ്മച്ചി ഒരു ഓഡിയോ വിട്ടു
ഇപ്പോഴും കേൾക്കാം
ആ കുക്കറിൻറെ വിസിലടി
നിലക്കാതെ..

# അനർഘ നിമിഷങ്ങൾ കാമറ കണ്ണിലൂടെ




Mid Day Meal Scheme
WATER CYCLE

# SHINING FATHIMABIAN'S



Thasneem sumana & hina hakeem(still model Ist aA grade)



Parveen banu &surya (improvised experiment Ist A grade)



Fathimath farhana(pure construction Ist)



Working model(I st A grade)



Scienceproject



Maths puzzle



Ramanujan paper presentation



Science drama



Rexin canvas



Maths project



Flower making



Plaster of paris



Other chart



Budding grafting

# Our class leaders

10 A



10 B



10 C



10 D



9 A



9 B



9 C



9 D



8 A



8B



8 C



8 D



7 A



7 B



7 C



6 A



6B



6C



5 A



5 B



5 C



# തടാകനാട്


**ആസ്വാദനക്കുറിപ്പ്**

Pooja shaji , xii Humanities

ഉരുളിക്കുന്നം കാരനായ സക്കറിയയുടെ യാത്രാവിവരണമാണ് തടാകനാട്. ഇത് ഒരു യാത്രയാണ്. തടാകങ്ങളുടെ നാട്ടിലൂടെയുള്ള ഒരു അതിമനോഹരയാത്ര. യാത്രാവിവരണങ്ങൾ സ്വാഭാവികമായും അതിവർണ്ണനകളുടെ കൂടാരം മാത്രമായിപ്പോകാറുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി സക്കറിയ വളരെ ലളിതമായ വാക്കുകളാൽ ഓരോ പ്രകൃതിഭംഗിയും മനസ്സിൽ കോറിയിടാൻ ശ്രമിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. ഇംഗ്ലണ്ടിലേക്കുള്ള യാത്രയും വഴിയിൽ വെച്ച് തനിക്കുണ്ടായ ചില ജീവസ്സുറ്റ നിമിഷങ്ങളും, ഇംഗ്ലണ്ടിൻറെ വിവിധങ്ങളായ ഭാഗങ്ങളുടെ ചാരുതയും സാഹിത്യകാരൻ വെളിപ്പെടുത്തുന്നു. സക്കറിയ ഇങ്ങനെ പറയുന്നു ഷെയ്ക്സ്പിയർ തൻറെ പ്രിയ കാമുകനാണെന്നും തന്നെ അതിശയിപ്പിക്കുകയും, കരയിപ്പിക്കുകയും, ആലോചിപ്പിക്കുകയും, ചിരിപ്പിക്കുകയും ചെയ്യുന്ന ഒരു മനോഹര കുമാരനാണെന്നും പറയുന്നു. എന്നാലാകട്ടെ ലണ്ടൻ നഗരം അദ്ദേഹത്തിൻറെ പ്രിയകാമുകിയും, എന്നും അപ്രാപ്യയും, ചപലയുമാണെങ്കിലും



ദിനം പ്രതി തിളങ്ങുന്ന രഹസ്യങ്ങൾ നിർമിക്കുവാൻ അവൾക്ക് സാധിക്കുന്നു. കൂടാതെ എന്നും അമ്പരപ്പിക്കുന്നവളും ഇതിനാൽ തന്നെ ഏതു നിമിഷവും പൈങ്കിളിയാകാനുള്ള അപകട സാധ്യത



അദ്ദേഹത്തെ തുറിച്ചുനോക്കുന്നു. ഇംഗ്ലണ്ടിൻറെ കഥയുംനോവലും നാടകവും ചിത്രകലയും ചരിത്രവും പ്രകൃതിയും എല്ലാം തന്നെ അദ്ദേഹത്തിൻറെ പ്രേമക്കുരുക്കിൽ പെട്ടു പോയെന്ന് പറയുവാൻ അദ്ദേഹം മടിക്കുന്നില്ല.സാഹിത്യകാരനും തൻറെ സഹോദരനുമായ ജെമിയും ഭാര്യയും പിന്നെ ധാരാളം വർണശബളമായ സ്ഥലങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ സാഹിത്യസമാഹാരം.

പാതക്കിരുവശവും കാട്ടുപൂക്കളും ചെടികളും വള്ളികളും പടർന്നു നിൽക്കുന്നു. അവയ്ക്കാണെങ്കിൽ അതിശയിപ്പിക്കുന്ന വർണ്ണങ്ങളും. ഇലക്കും തണ്ടിനും പഴത്തിനും കായ്ക്കും ഏതോ വർണഭ്രാന്തൻ വാരിവിതറിയ നിറങ്ങൾ ഇതാണ് ഇംഗ്ലണ്ടിലെ ഓരോ നാട്ടുവഴിയും എന്നു കേട്ടാൽ നാം ഞെട്ടിപ്പോകുന്നു. പ്രമുഖ കവിയായ വേഡ്സ്വർത്തിൻറെ തടാകനാട് ലേയ്ക്ക് ഡിസ്ട്രിക്ട് ഒരു അസാധാരണമായ ലോകം. തടാകങ്ങളുടെ ജില്ല എന്നുപേരുണ്ടാകാൻ കാരണം, അത്രയേറെ തടാകങ്ങളുണ്ട് എന്നതുതന്നെ. അരുവികൾ പാറക്കല്ലുകളിൽ പതഞ്ഞ് വെളിച്ചം കൊണ്ട് അഭ്യാസങ്ങൾ നടത്തി,

പൊട്ടിച്ചിരിച്ചു കൊണ്ട് ഓടിപ്പോകുന്നു. മേച്ചിലില്ലാത്ത പുൽത്തകിടികളിൽ കാട്ടുപൂക്കളുടെ ബഹളം. മലമുകളിൽ നിന്ന് കണ്ണോടിക്കുമ്പോൾ നാം ശ്വാസം വിടാൻ മറന്നുപോകുന്നു. അത്രമാത്രം വിശാലഗംഭീരമാണത്രെ മലകളുടെയും തടാകങ്ങളുടെയും ആ മഹാകൊട്ടാരത്തിൻറെ സൗന്ദര്യം. ഇത്തരം ഒരു സാഹചര്യത്തിൽ ജനിച്ചുവളർന്ന വേഡ്സ് വർത്ത് എന്ന പയ്യൻ പ്രകൃതിയുടെ മഹാകവിയായതിൽ അതിശയമുണ്ടോ എന്ന ചോദ്യമാണ് അദ്ദേഹത്തിൻറെ മനസ്സിൽ ഉയരുന്നത്. മഴ കസവു നൂലു പരുവത്തിൽ ആകാശത്തുനിന്നു നീണ്ടിറങ്ങി അദ്ദേഹത്തെയും സഹചാരികളെയും തൂന്നിക്കൊണ്ടേയിരുന്നു. മഹാകവി വേഡ്സ് വർത്തിൻറെ ഗംഭീരമായ നാടൻ തറവാട് വിശാലമായ ഉദ്യാനം, മനോഹരമായ വിദൂരതകൾ കവിയുടെ കിടപ്പുമുറിയിലും എഴുത്തുമുറിയിലും ഇരിപ്പുമുറിയിലും അവർ പോയി .

# മരിക്കാത്തവരുടെ കല്ലറ

Shahana jasmin k
X A

ഈജിപ്റ്റിലെ മമ്മികളുടെ
വിശാലതക്കപ്പുറം
ലോകം കാണാതെ പോയ
വലിയൊരു കല്ലറയുണ്ടെൻ വീട്ടിൽ
ജീവനുള്ളവയുടെ കല്ലറ
അവയെ പൂർണ്ണമായി
കൊല്ലാൻ കഴിയാത്തതിനാലോ
ചിരഞ്ജീവി ആയതിനാലോ
അവയെ ഒളിപ്പിച്ച്
കല്ലറ പണിതവൾ
കണ്ണുകളുടെ വിശാലമാം
കുഴികളുടെ അഗാധങ്ങളിൽ
അവയെ മൂടി വെച്ചവൾ
മരിക്കാത്ത ദുഃഖങ്ങളെ
ജീവനോടെ കുഴിച്ചിട്ടവൾ
ദുഃഖങ്ങളുടെ പരാക്രമണം
കൊണ്ടോ ഈ കല്ലറകളിന്ന്
നിർജീവമായല്ലോ.......
കല്ലറ പണിതവളെ
വീട്ടുകാർ അമ്മയെന്നു
വിളിച്ചു.


# കൊമ്പുകൾ താഴ്ത്തി ഉറങ്ങുന്ന മരങ്ങൾ

Rabiya ck(X A)



മത്സ്യങ്ങളും പക്ഷികളും ഉറങ്ങാറുണ്ട് എന്ന് നമുക്കറിയാം. മത്സ്യങ്ങൾ കണ്ണുതുറന്ന് ഉറങ്ങാറുള്ളത്. പല പക്ഷികളും പറന്നു കൊണ്ടിരിക്കെത്തന്നെ കുറച്ചുദൂരം ഉറങ്ങാറുണ്ട് . മരങ്ങളോ? മരങ്ങൾ ഉറങ്ങുന്നുണ്ടോ എന്ന പഠനം സങ്കീർണമാണ്.

ഹങ്കറിയിലെ സെൻറർ ഫോർ ഇക്കോളജിക്കൽ റിസർച്ചിലെ ആൻഡ്രിയാസ് പിങ്കിയുടെ പുതിയ പഠനങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും. വലിയ മരങ്ങൾ രാത്രി ഉറങ്ങാൻ ഉണ്ടെന്നു അവയെല്ലാം കൊമ്പുകൾ അല്പം താഴ്ത്തി ഡി ശ്രമിക്കുന്നുണ്ടെന്നും പിങ്കിയുടെ പഠനം സമർഥിക്കുന്നു. അദ്ദേഹവും രണ്ടു സഹപ്രവർത്തകരും ചേർന്ന് ഹങ്കറി യിലും ഫിൻലാൻഡിൽ ഉള്ള രണ്ടു ബിർച്ച് മരങ്ങളെ ആണ് പഠനവിധേയമാക്കിയത്. പരീക്ഷണം കൃത്യമായി ഇരിക്കാൻ വേണ്ട മുൻകരുതലുകൾ എടുത്തിരുന്നു.



ഗ്രീഷ്മ വിഷുവം ദിനത്തിൽ ഹങ്കറി യിലും ഫിൻലാൻഡിലും രാത്രിയുടെ ദൈർഘ്യം ഒരുപോലെ ആയിരുന്നപ്പോഴാണ് പരീക്ഷണം നടത്തിയത്. രണ്ടു സ്ഥലത്തും ലേസർ ഉപയോഗിച്ച് ഉയർന്ന റി സോൾവിങ് പവറിൽ ആണ് കൊമ്പുകളുടെ ഉയരം മാറ്റം അളന്നത്. പ്രകാശം ഉപയോഗിച്ച് ഫോട്ടോ എടുത്താൽ പ്രകാശം തട്ടി മരങ്ങൾ ഉറക്കത്തിൽനിന്ന് ഉണർന്നാലോ എന്നു കരുതിയാണ് ലൈസർ ഉപയോഗിച്ചത്. രണ്ടു സ്ഥലത്തും രാത്രിയിൽ മരങ്ങളുടെ കൊമ്പുകൾ 10 സെൻറീമീറ്റർ ഓളം താഴ്ന്ന ഉണ്ടെന്നാണ് അവരുടെ കണ്ടുപിടിത്തം. പ്രകാശസംശ്ലേഷണം നടത്തേണ്ടത് ഇല്ലാത്തതിനാൽ മരങ്ങൾ ശിഖരങ്ങളെ ഉയർത്തിപ്പിടിക്കാ തെ അയച്ചു പിടിച്ച് വിശ്രമിക്കുകയാണ് എന്നാണ് അവരുടെ നിഗമനം.

# കാഴ്ച്ചയുടെ തണുപ്പ്

യാത്രാകുറിപ്പ്

Rimshida ck,
xii humanities


എൻറെ ആത്മാവിനെ സ്പർശിക്കുകയും എൻറെ അസ്ഥിത്വം അകാരണമല്ലന്ന് എന്നെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്ന ഒരു സ്ഥലത്ത് പോകണമെന്നാണെൻറെ ആഗ്രഹം. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കക്കാടം പൊയിൽ എന്ന കുഞ്ഞുഗ്രാമം. വാക്കുകൾക്കതീതമായ ഒരനുഭൂതി. പ്രപഞ്ചത്തിൻറെ അലൗകികതയും പ്രകൃതിയുടെ നിഗ്ദ്ധതയും ഈ പ്രദേശത്തിൽ ഉൾച്ചേർന്നിരിക്കുന്നു. കാടും പുഴയും വെള്ളച്ചാട്ടവും പുൽമേടുകളും പാറക്കെട്ടുകളും അപൂർവ സസ്യജാലങ്ങളും നിറഞ്ഞതാണിവിടത്തെ മലമടക്കുകൾ. അരിച്ചിറങ്ങുന്ന കോടമഞ്ഞിൽ വശ്യമനോഹരമായ പ്രകൃതിലാവണ്യം നിറഞ്ഞു നിൽക്കുന്ന പ്രദേശങ്ങൾ. മലബാറിൻറെ ഊട്ടി എന്നും ഇവിടം അറിയപ്പെടുന്നു. കോടമഞ്ഞ് ആവരണമിട്ട ഇവിടെ വെള്ളച്ചാട്ടങ്ങളും മലനിരകളും പുൽമേടുകളും അപൂർവ്വമായലയവിന്യാസത്തെ വ്യക്തമാക്കുന്നുണ്ട്. ചൊട്ടൻപാറ, ചെമ്പോത്തിക്കുന്ന്, കുറവൻ പുഴ, പഴശ്ശിഗുഹ എന്നിങ്ങനെ പല പല വിനോദ സഞ്ചാരകേന്ദ്രങ്ങളും ഉണ്ടിവിടെ മനം മയക്കുന്ന മനസ്സു തണുപ്പിക്കുന്ന പ്രകൃതി.



നിലമ്പൂർ വനമേഖലയിലെ പന്തീരായിരം ഫോറസ്റ്റിൽ നിന്ന് ഉൽഭവിക്കുന്ന കുറവൻ പുഴയിലെ കോഴിപ്പാറ വെള്ളച്ചാട്ടം എനിക്ക് ഏറെ ആഹ്ലാദം പകരുന്നുണ്ടായിരുന്നു. പ്രകൃതിയുടെ മടിത്തട്ടിൽ നിന്ന് കിനിഞ്ഞിറങ്ങുന്ന ഉറവകൾ ചേർന്ന് വനത്തിലൂടെ ഒഴുകി പുഴയായി ഓളമിട്ട് തുള്ളികളിച്ച് പോകുന്നത് കാണാൻ വളരെ മനോഹരമാണ്. പ്രകൃതിയുടെ വിശാലമായ ക്യാൻവാസിൽ നിറക്കൂട്ടുകൾ വാരിയണിഞ്ഞ് നിൽക്കുന്ന കക്കാടംപൊയിലിൻറെ കാഴ്ചകൾ നയനാനന്ദകരമാണ് ഇവിടെ നിന്ന് 4 കി.മീ ദൂരെയുള്ള നായാടംപൊയിലിലെ പഴശ്ശിഗുഹ കണ്ടപ്പോൾ എന്തൊക്കെയോ മനസ്സിലേക്കോടിയെത്തി. പഴശ്ശിരാജ ഒളിവിൽ താമസിച്ചതെന്നുകരുതുന്ന ഗുഹയും പീഠവും എല്ലാം നമുക്ക് കാണാൻ സാധിക്കും തോട്ടപ്പള്ളിയിലേക്കുള്ള ട്രക്കിങ്ങും, വെണ്ടേക്ക പൊയിലിലെ പ്രകൃതിദൃശ്യവും മാണിക്യംപാറയിലെ കാഴ്ച്ചകളും വളരെ ആഹ്ലാദ മേറിയതായിരുന്നു. ടൂറിസത്തിന് അനന്തസാധ്യതയുള്ളകക്കാടംപൊയിലിൻറെ മലമടക്കുകളിലേക്ക് പറന്നിറങ്ങുന്ന കോടമഞ്ഞിനൊപ്പം പാറിക്കളിക്കാൻ വളരെയേറെ ആളുകളെത്തുന്നുണ്ട്. പ്രകൃതിയുടെ വരദാനമായ അനുപമ സൗന്ദര്യവിശേഷങ്ങൾ ഈ ഗ്രാമത്തിനു സ്വന്തമാണ്. അപൂർവ്വമായ പക്ഷികളും ശലഭങ്ങളും. ശരീരത്തെ അകം പുറം തണുപ്പിക്കുന്ന കാറ്റ്. കാടിൻറെ സംഗീതം. കക്കാടംപൊയിലിൻറെ ഗ്രാമങ്ങൾ പ്രകൃതി രമണീയതയുടെ അപൂർവ്വ കാഴ്ച്ചയാണ്.

# ഗണിതം.....................

**ഷഹനാ ജാസ്മിൻ കെ**
X D




കണക്കുടീച്ചറുടെ വാക്കുകൾ
ജീവിതത്തിൻറെ നഗ്നസത്യങ്ങൾ
ജീവിതം കണക്കുപരീക്ഷയാണ്
ചില ബന്ധങ്ങളുടെ കൂട്ടലുകൾ
ചിലപ്പോൾ കിഴിക്കലുകൾ...
ഹരിച്ചെത്തുന്ന സന്തോഷങ്ങൾ
ഗുണനമായ് ചില നോവുകൾ
ഇരുളിൽ പലരും ജീവിതത്തിൻ
സമാന്തര വരകൾ തിരയുന്നു
പാതകൾ സമാന്തരമല്ലല്ലോ....
ഒരുപാട് കോണുകളുള്ള
നീണ്ട പാതകൾ...
കണക്കുകൂട്ടലുകൾ പിഴക്കുന്നു
ചിലയിടങ്ങളിൽ തിരുത്തലുകൾ
ചെയ്തുതീരും മുമ്പ്
സമയത്തിൻ ദാരുണമാം നോട്ടം
വിധിയറിയുമ്പോൾ പലരും
തോറ്റിരുന്നു. എന്നെന്നേക്കുമായ്...


# അറിയാതെ പോയ ജീവൻ



അമ്മയുടെ മടിത്തട്ടിൽ കിടന്ന വളർന്ന അവന് അച്ഛൻറെ സ്നേഹം ലഭിച്ചിരുന്നില്ല. അവനാണ് ഗൗരവ് മാധവ്. ജൻമ ശാപം എന്തൊ... അവൻറെ പിറവിയുടെ രണ്ടു നാൾ മുമ്പേ അവന് അച്ഛനെ നഷ്ടമായി. പിന്നീട് അവൻറെ അമ്മ അവനെ ഒരുപാട് കഷ്ടപ്പെട്ടാണ് വളർത്തിയത്. സ്കൂൾ പഠനത്തിൽ വളരെ മികച്ച പ്രകടനമായിരുന്നു അവൻ കാഴ്ച വെച്ചത്. പഠനത്തിൽ ഒന്നാം സ്ഥാനം അവനായിരുന്നു. അധ്യാപകരും സുഹൃത്തുക്കളും അവനെ വാനോളം അഭിനന്ദിക്കുകയും അവൻറെ പഠനത്തിൽ കൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അങ്ങനെ വളർന്ന് പത്താം ക്ലാസ് വരെയെത്തി. പത്തിൽ മുഴുവൻ വിഷയത്തിനും എ പ്ലസിലൂടെ അവന് ഹയർ സെക്കണ്ടറി പഠനത്തിന് യോഗ്യത ലഭിച്ചു. അങ്ങനെ സയൻസ് എടുത്തു. അവൻറെ ആഗ്രഹം ഒരു ഡോക്ടറാകാനായിരുന്നു. ആ ആഗ്രഹ ഭ്രമത്താൽ അവൻ സെക്കണ്ടറി പഠനം വളരെ വാശിയോടെ പഠിച്ചു. അതിൻറെ ഫലമായി ഹയർ സെക്കണ്ടറിയിൽ മുഴുവൻ വിഷയത്തിനും അവൻ എ പ്ലസ് വാങ്ങി. പിന്നീട് ഡോക്ടർ പഠനം പൂർത്തിയാക്കി. അപ്പോഴേക്കും അവൻറെ അമ്മ വാർദ്ധക്യത്തിൻറെ പടി ചവിട്ടിയിരുന്നു. പിന്നെ ഗൗരവ് സ്വന്തം കൂട്ടിനായി ഒരു ഇണയെ കണ്ടെത്തി. എന്നാൽ ആ പ്രിയഭവതി ഗൗരവിൻറെ അമ്മയെ അന്യയായാണ് കണ്ടിരുന്നത്. ആ സ്ത്രീ തൻറെ ഭർത്താവിൻറെ സുഖം മാത്രമേ അന്വേഷിക്കാറുണ്ടായിരുന്നുള്ളൂ. എന്നാൽ അമ്മ തൻറെ മകനെയും മരുമകളെയും ഒരു പാട് സ്നേഹിച്ചിരുന്നു. ആ അമ്മയുടെ വാർദ്ധക്യം കൂടിവന്ന കിടപ്പിലായി.തൻറെ മരുമകൾ തന്നെ വൃദ്ധമന്ദിരത്തിലേക്ക് അയയ്ക്കാൻ വാശി പിടിക്കുന്നത് കേട്ടു. എന്നാൽ ഗൗരവ് തൻറെ അമ്മയുടെ മിഴികളിലേക്ക് ഓരോ തവണയും നോക്കുമ്പോഴും തൻറെ കഴിഞ്ഞുപോയ കാലം ഓർക്കുന്നു. നാളുകൾ പിന്നിട്ടു. ഭാര്യയുടെ വാക്കുകൾ കേട്ട് സഹികെട്ട് അമ്മയെ വൃദ്ധമന്ദിരത്തിലാക്കാൻ തീരുമാനിച്ചു.

അങ്ങനെ അവർ പുറപ്പെടാൻ തീരുമാനിച്ചു. അമ്മയെ വിളിച്ചു ചലനമില്ല. മിഴികളിൽ നിന്നുതിർന്ന നീരുകൾ മാത്രം ഉണങ്ങി ഇരിക്കുന്നു. കാലത്തിൻറെ ഓട്ടത്തിൽ ജീവിതത്തിരക്കുകൾക്കുള്ളിൽപെട്ട് ആ അമ്മയുടെ ജീവൻ പൊലിഞ്ഞതറിയാതെ പോയ അമ്മയുടെ മകൻ...



# രാവ്

വേലഭാരങ്ങൾ ചുമരിലേറ്റിതാ ഭൂമിതൻ
നിത്യപ്രകാശം യാത്രയായ്
പകലിന്നു മേലേ രാവിൻറെ താണ്ഡവം
ഭൂമിതാ നിദ്രയിലാണ്ടു പോകുന്നുവോ
വെറുക്കപ്പെട്ടോരാ വർണ്ണം പൂണ്ടു പാരിൽ
മനസ്സിൻ ആശ്വാസത്തിൻ തെളിമണവും
വർണ്ണഭേദത്താൽ അന്ത്യം കുറിക്കുന്ന
മാനവകുലത്തെ ഇന്ന് തുല്യനാക്കി
രാവിൽ മറ്റു വർണ്ണമില്ല വർണ്ണ ഭേദമില്ല
തുല്ല്യരായ് കഴിയുന്നു ഏകവർണ്ണം
അലയുന്ന മക്കൾക്ക് ആലംബമായിതാ
രാവിന്നു മേലേ നിലാവു പായുന്നു
രാത്രിതൻ യാമങ്ങൾ ആഴ്ന്നിറങ്ങുന്നുവോ
പാരിൻ സൂനുക്കൾ നിദ്രയിലാണ്ടുവോ
എല്ലാത്തിനും സാക്ഷിയായ്... കാവലായ്....
സത്യപ്രകാശമായ് മിന്നിനിൽക്കുന്നിതാ -
വലയുന്ന രാവിതിൻ പുഞ്ചിരി തൂകിയ
മുല്ലമൊട്ടുപോൽ
ഉണരുന്നിതാ നിത്യപ്രകാശം യാത്രയായ്
നാദത്താൽ പൊലിയുന്നു രാവിൻറെ സ്വപ്നം
ഉണരുന്നുവോ പകലിൻറെ മോഹം...



# Let women take over

Shabitha pp

Men and women are like two wheels of a carriage. The life of the one without the other is incomplete. Men and women both contribute to the each other's development in personality. Our ancient sculptures assigned women a place higher than man. According to Rabindranath Tagore, "a woman is Gods best creation".

Women enjoyed in esteem in ancient India. In course of time male supremacy prevailed over the society and women lost their liberty and respect. They were neglected and out casted from the main steam. She was deprived of education and freedom

Even today, in our villages, small girls are literally sold off. The widows are still considered inauspicious and unworthy of any love and happiness.

Rape and molestation have become routine phenomenon. Even small damsels are sexually pestered and afflicted. The incest which inflicts physical pain and mental agog force the victims to either commit suicide or get transformed into Prostitutes.The women have to create her own fate. She must get educated. She must recognize her identity.Keeping in tune, with the ancient India, women are the builders of nation.They have distinguished themselves in various spheres of life and have proved their efficiencies as politicians, poets, doctors, orators etc.

Women like Indira Gandhi, Vijaya Lakshmi Pandit, Sarojini Naidu, Kalpana Chawla etc. have left a permanent imprint in the history of the world. Women have assumed more responsibilities not only of their families but also of the country and are contributing to the governance of the world.


Women are no longer lifeless, inanimate objects. They have struggled hard to establish an identity of their own. They are liberal and possess strength enough to dream of a new brave world. They are fully capable of articulating country, scaling Mount Everest, flying in space or displaying effective managerial skills.

Women surely have a very important role to play in modern India of today. In the social, economic and political spheres, women too have to shoulder the responsibilities along with men. The day is not far when the Indian women will not only catch up with their western counter parts but also regain their honorable status, they enjoyed in the distant past.

നിറമാർന്ന സന്ധ്യകൾ കുടമുല്ല ചാർത്തുമ്പോൾ
പ്രിയമാർന്നു . നിൽക്കുമീ സൂര്യോദയം
വിടരുന്ന പൂക്കളും പൊഴിയുന്ന ഇലകളും...
ക്കിളികൾ തൻ കള ക്രൂജനങ്ങളും മാത്രമായ്...
നിർവൃതി പൂണ്ടൊരീ പരലതിയും പ്രകൃതിയും....
പുതു ജീവൻ പുതു സ്വപനം നെയ്തു തുടങ്ങുമീ...
മാനവജാതിതൻ ആത്മാവിനും
ഹൃദയത്തിൽ കുളിർ സ്പർശം കൊണ്ടു
തഴുകുമീ...
സുസ്മേരവദനനാം സൂര്യദേവൻ തൻറെ
ശാന്തി- സമാധാനം മോദാൽ പതറിന്നൊരി...
വർണ്ണപക്കിട്ടാപർന്നസൂര്യോദയം
ക്കണ്ണഞ്ചിപ്പിക്കുന്നൊരീ ശോണിമ
അനർഘമാം പ്രസന്നത വാഴ്ത്തി
പുകഴ്ത്തുന്നു..
സുകൃതമിതമാം ലോകം ഉണർന്നു തുടങ്ങുന്നു
അജ്ഞാമനാം മൂകമിയവസ്ഥയിൽ നിന്നും
വരവേറ്റിടാം നമുക്കൊന്നിച്ചൊരുമയാൽ
സമ്മോഹനം നിറഞ്ഞുള്ളൊരീ അരചനെ;
വിരചിതനായി പുഞ്ചിരിതൂകി തോഴനെയും,
വരവേറ്റിടാം
നമുക്കൊന്നിച്ചൊരുമയാതി
ആനന്ദമാമൊരീ സൂര്യോദയം

# അനർഘമാംസൂര്യോദയം

ഹാദിയ ഷെറിൻ




ചിറകൊടിഞ്ഞ പക്ഷി
ആകാശം മോഹിക്കരുത് എന്ന്
പറഞ്ഞവരോട് നീ പറയുക
എന്തു ചിറകുകൾ ഒടിഞ്ഞ ഇരിക്കാം
എങ്കിലും എൻ ആത്മാവിലെ
സ്വപ്നങ്ങളുടെ ചിറകുകൾ
ഇന്നും നീലാകാശത്തെ
പുണരാൻ കൊതിക്കുന്നു
നിങ്ങൾക്ക് ആ ചിറകുകൾ
കാണാൻ കഴിയില്ലായിരിക്കാം
എങ്കിലും നാളെ അതിൻ
ചിറകടികൾ നിങ്ങളുടെ
കാതുകളിൽ പറന്നെത്തും
അന്ന് എന്റെ ചിറകുകൾ
അനന്തതയെ വാരിപ്പുണരും

ഷഹന ജാസ്മിൻ



# പടിയിറക്കം

കാലാവധി കഴിഞ്ഞെന്നു പറഞ്ഞ്
ആദ്യം പടിയിറക്കി വിട്ടത്
അമ്മയായിരുന്നു
പത്തു മാസത്തെ
സുഖവാസത്തിനൊടുവിൽ
ഗർഭ പാത്രത്തിൽ നിന്ന്
അതിരുകളില്ലാത്ത ലോകത്തേക്ക്,
സ്നേഹത്തിന്റെ ആഴവും പരപ്പും
അളന്നു നോക്കി തിട്ടപ്പെടുത്തിയപ്പോൾ
പടിയിറങ്ങേണ്ടി വന്നത്
പ്രണയത്തിൽ നിന്നായിരുന്നു
ബാങ്ക് ബാലൻസിലെ അക്കങ്ങൾ
മാറിമറഞ്ഞപ്പോൾ
ഭാര്യ പടിയിറങ്ങിയത് അയൽക്കാരന്റെ
ക്രൂടെ

എന്നിലവശേഷിച്ച ആത്മാർത്ഥത
മുഴുവൻ സമർപ്പിച്ചെങ്കിലും
പടിയിറങ്ങേണ്ടി വന്നു അൻപത്തറു
കഴിഞ്ഞപ്പോൾ
വാർദ്ധക്യമെന്നെ പിടിക്രൂടിയെന്നു
തിരിച്ചറിഞ്ഞപ്പോൾ മക്കളും
പടിയിറക്കിവിട്ടു
വൃദ്ധസദനത്തിലേക്ക്
ഇനിയൊരു പടിയിറക്കം
മരണത്തിലേക്കാവുമെന്നു
എന്ത് കൊണ്ടോ മനസ്സ് മന്ത്രിച്ചു.........

റിജ്ജുല cp
Hsa malayalam

ഇവിടെ പൂർത്തിയാകുന്നു
നിണം മഷിയാക്കി
ഹൃദയം കൊണ്ടെഴുതിയ വരികൾ
അറിവിന്റെ വഴികൾ തുറന്നു വച്ച്
പള്ളിക്കൂടം
പക്വതയുടെ നാല്പത് പൂർത്തിയാക്കി
കർമ്മവീഥിയിൽ കാൽപ്പാടുകൾ തീർത്ത
കർമ്മയോഗികൾ പലരും പടിയിറങ്ങി
പുതിയൊരു പ്രഭാതം വീണ്ടും
വിരിയട്ടെ......
കരിങ്കൽ ചീളുകളും
ഇരുളും നിറഞ്ഞതാണ് എന്നറിയാം
ഞങ്ങൾ ആത്മധൈര്യത്തോടെ ഗമിക്കും
നിങ്ങൾ പകർന്നു നൽകിയ വെളിച്ചം
കൈമുതലാക്കി............

മിസ്ബാഹുൽ ഹഖ്
സ്റ്റുഡന്റ് എഡിറ്റർ

